PALAKKAD
**Rupatha Bulletin**



Editor
**Fr. Aji Aikkara**

Printed, Published & Owned by
**Fr. Joshy Pulikkottil**

**Bishop's House**
PB No. 4, Noorani P.O.
Palakkad- 678 004
Ph: 0491-2515277, Fax: 2525129

Printed at
**JIM Offset, Palakkad**
Kerala, 678 014, Ph: 0491- 25346

Reg. No. KERMAL14748/11/01/2011-TC

Single Copy - ₹ 16.50
Annual Subscription- ₹ 200

# ഉള്ളടക്കം

സർക്കുലർ കെ.സി.ബി.സി..............................03
Bishop's Engagement..................................15
From the Bishop's Office..............................17
നിത്യാരാധനാ കപ്പേള.................................... 27
വിശ്വാസപരിശീലനവേദി..................................28
സ്റ്റാർസ്........................................................38
ബൈബിൾ അപ്പോസ്റ്റലേറ്റ്..............................38
അൾത്താരസംഘം.........................................39
കെ.സി.എസ്.എൽ.......................................38
സി.എം.എൽ................................................40
കെ.സി.വൈ.എം..........................................40
മാതൃസംഘം...................................................43
എ.കെ.സി.സി...............................................43
ഫാമിലി അപ്പോസ്റ്റലേറ്റ്..................................44
കുടുംബകൂട്ടായ്മ.........................................44
കരിസ്മാറ്റിക് വാർത്തകൾ...........................45
വൊക്കേഷൻ ബ്യൂറോ....................................46
എ.സി.സി.എച്ച്.............................................47
സെഹിയോൻ മിനിസ്ട്രീസ്.............................48
പി.എസ്.എസ്.പി.........................................49
കെ.എൽ.എം................................................51
From the Bishop's Diary................................52

## കേരള കത്തോലിക്കാമെത്രാൻസമിതിയുടെ

## തൊഴിൽകാര്യകമ്മീഷൻ പുറപ്പെടുവിക്കുന്ന

# മേയ്ദിന സന്ദേശം

കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരീസഹോദരന്മാരേ,

1. ഉത്പത്തിയുടെ ക്രമവും പരസ്പരാശ്രയത്വവും പ്രദാനം ചെയ്ത ഒരുആദ്യപ്രപഞ്ചവിശുദ്ധിയെ (ഉത്പ 1:1-31), ആന്തരിക വിശുദ്ധി നഷ്ടപ്പെട്ട ഇന്നത്തെ മനുഷ്യൻ തകർത്തെറിയുന്നതാണ് നമ്മൾ നിരന്തരം കണ്ടുകൊണ്ടിരിക്കുന്നത്. മനുഷ്യജീവനും ദൈവമഹത്ത്വത്തിനും അല്പംപോലും വില കൽപ്പിക്കാത്തിടംവരെ ഇതു ചെന്നെത്തിയിരിക്കുന്നു. സൃഷ്ടപ്രപഞ്ചത്തിന്റെ വിശുദ്ധിയുടെ വീണ്ടെടുപ്പ് മനുഷ്യാധ്വാനത്തിലൂടെയാണെന്ന ദൈവഹിതം (ഉത്പ 3:19) ജീവിതത്തിലൂടെ കാണിച്ചുതന്ന തൊഴിലാളിമദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിന്റെയും അന്താരാഷ്ട്ര തൊഴിലാളിദിനത്തിന്റെയും മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു. ഒപ്പം തൊഴിൽമേഖലയും തൊഴിലാളിയും നേരിടുന്ന ചില വിഷമസ്ഥിതികളിലേക്ക് മുഴുവൻ പേരുടെയും ശ്രദ്ധ ക്ഷണിക്കുകയും ചെയ്യുന്നു.

2. അസംതൃപ്തനായ തൊഴിലാളി ഇന്നത്തെ സമൂഹത്തിന്റെ സൃഷ്ടിയാണ്. ഇഷ്ടപ്പെടാത്ത ജോലി, അപര്യാപ്തമായ കൂലി, ഉത്പ്പന്നങ്ങൾക്കു ന്യായമായ വില ലഭിക്കാതിരിക്കൽ, ചൂഷണത്വരയുള്ള തൊഴിൽ ദാതാവ്, സ്വാർത്ഥത നിറഞ്ഞ ട്രേഡ് യൂണിയൻ നേതാക്കൾ, അഴിമതിയിലാണ്ട അധികാരികൾ, സർക്കാരു കളുടെ വികലമായ നയങ്ങൾ എന്നിവയുടെയെല്ലാം ഫലമായി നേരിടേണ്ടിവരുന്ന അവഗണനയും ഉൾ ഭയവും ജീവിതാവശ്യങ്ങൾ നിവർത്തിക്കാനാകാത്തതിന്റെ നിരാശയുമാണ് തൊഴിലാളിയെ അസംതൃപ്തനാക്കിയിരിക്കുന്നത്. ഈ അവസ്ഥ ഏറെ അനുഭവിക്കുന്നത് അസംഘടിത തൊഴിലാളികളാണ്. രണ്ടു ഹെക്ടർ വരെ കൃഷി ഭൂമിയുള്ള ചെറുകിട കർഷകരും അസംഘടിത തൊഴിലാളികളായിട്ടാണു പരിഗണിക്കപ്പെടുന്നത്.

3. തൊഴിലാളികൾക്ക് സ്വതന്ത്രമായി സംഘടിക്കാനുള്ള അവകാശം മനുഷ്യന്റെ മൗലിക അവകാശങ്ങളിൽപ്പെട്ടതാണ്. ഇത്തരം സംഘടനകൾക്ക് തൊഴിലാളികളെ പ്രതിനിധാനം ചെയ്യാനും അവരുടെ സാമ്പത്തിക ജീവിതം സംവിധാനം ചെയ്യാനും പ്രതികാര നടപടികളെപ്പറ്റിയുള്ള ഭയം കൂടാതെ സംഘടനാ പ്രവർത്തനങ്ങളിൽ സ്വതന്ത്രമായി പങ്കെടുക്കാനും തൊഴിലാളിക്ക് അവകാശമുണ്ടെന്നിരിക്കെയാണ് (സഭ ആധുനിക ലോകത്തിൽ 68)





അസംഘടിത തൊഴിലാളിസമൂഹം തൊഴിൽ സുരക്ഷയും സാമൂഹിക സുരക്ഷയും, സാമ്പത്തിക സുരക്ഷയും നിയമപരിരക്ഷയും ഇല്ലാതെ ജീവനുപോലും ഭീഷണിയാകും വിധം ക്ലേശിക്കേണ്ടി വരുന്നത്.

4. പൊതുനന്മയായിരിക്കണം ഭരണാധികാരികളുടെയും രാഷ്ട്രീയ സാമുദായിക സംഘടനാനേതൃത്വത്തിന്റെയും ലക്ഷ്യം. വ്യക്തിയോടുള്ള ആദരവും സാമൂഹികക്ഷേമവും വികസനവും നീതി പൂർവ്വകമായ വ്യവസ്ഥിതിയും സുരക്ഷിതത്വവും സുസ്ഥിതിയും ഉൾക്കൊള്ളുന്നതായിരിക്കണം പൊതുനന്മയെന്നതാണ് സഭയുടെ പ്രഖ്യാപിത നിലപാട് (കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം 1905-1910). എന്നാലിന്ന് ഇവയൊന്നും വേണ്ടത്ര പരിഗണിക്കപ്പെടാതെ പോകുന്നു. അസംഘടിത തൊഴിലാളികൾക്കായി സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന വിവിധ ക്ഷേമപദ്ധതികളുടെ നടത്തിപ്പിലെ അലംഭാവവും സാമൂഹിക പ്രതിജ്ഞാബദ്ധതയും സത്യസന്ധതയും തുലോം കുറവായ വിവിധ കമ്മീഷനുകളും പഠനസംഘങ്ങളും നൽകുന്ന റിപ്പോർട്ടുകളെ അവ സൃഷ്ടിക്കുന്ന സാമൂഹിക പ്രത്യാഘാതങ്ങൾ വിലയിരുത്താതെ ഏകപക്ഷീയമായി നടപ്പിലാക്കുന്നതും, സർക്കാരുകളുടെ കോർപറേറ്റ് പ്രീണനനയങ്ങളും കാണുമ്പോൾ അസംഘടിത തൊഴിൽ സമൂഹത്തെയും അവരുടെ കുടുംബങ്ങളെയും ഈ മേഖലകളിലെ തകർച്ചകളെയും അധികാരികൾ പരിഗണിക്കുന്നേ ഇല്ലെന്ന് പറയേണ്ടിവരുന്നു.

5. ചില ഉദാഹരണങ്ങൾ സൂചിപ്പിക്കാനാഗ്രഹിക്കുന്നു. ഇപ്പോൾ കേരളസമൂഹത്തിന്റെ മാത്രമല്ല രാജ്യത്തിന്റെ മുഴുവൻ പ്രതിഷേധത്തിനു വിധേയമാകുന്ന ഒന്നായി മാറിയിരിക്കുകയാണു മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്. രാജ്യത്തിന്റെ തീരക്കടലിനെ മുഴുവൻ വിദേശകുത്തകകൾക്ക് തുറന്നു കൊടുക്കാനുള്ള ശുപാർശയാണ് ഈ റിപ്പോർട്ടിൽ പ്രധാനമായി ഉള്ളത്. ഇതുമൂലം സാധാരണ മൽസ്യത്തൊഴിലാളികളുടെ ജീവിതം കൂടുതൽ ദുരിതപൂർണ്ണമാകും എന്ന കാര്യത്തിൽ സംശയം ലവലേശമില്ല. ആയതിനാൽ ഈ റിപ്പോർട്ട് നടപ്പിലാക്കാതിരിക്കാൻ വേണ്ടി തൊഴിലാളികൾ നടത്തുന്ന ശ്രമങ്ങൾക്ക് പിന്തുണ നൽകേണ്ടിയിരിക്കുന്നു. ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾ, തീരമേഖലാനിയന്ത്രണനിയമങ്ങൾ എന്നിവ മൂലം കർഷക ജനവിഭാഗവും തീരജനതയും കിടപ്പാടം പോലും നിർമ്മിക്കാൻ കഴിയാത്ത വിധത്തിൽ വലിയ പ്രതിസന്ധിയിലാണ്. കേന്ദ്രസർക്കാറിന്റെ പ്രതികൂലനയങ്ങൾ മൂലമാണു റബ്ബർ ഉൾപ്പടെയുള്ള വിവിധ കാർഷികവിളകൾ വിലത്തകർച്ച നേരിടുന്നത്. വനസംരക്ഷണത്തിന്റെ പേരിൽ പരിസ്ഥിതി നിയമങ്ങൾ കർശനമാക്കപ്പെടുമ്പോൾ വന്യമൃഗങ്ങളുടെ കടന്നാക്രമണത്താൽ തകരുന്ന ചെറുകിട കാർഷികമേഖലയും

അവിടുത്തെ ജീവനും കുടുംബവും തകർക്കപ്പെടുന്ന സാധാരണ തൊഴിലാളികളും ആർക്കും (ഭരണാധികാരികൾക്ക്) പ്രധാനപ്പെട്ടതല്ലാതായിത്തീരുന്നു.

6. സർക്കാർ ബജറ്റുകളിൽ വൻകിട സ്ഥാപനങ്ങൾക്കും കോർപ്പറേറ്റുകൾക്കും പ്രോത്സാഹനവും നികുതിയിളവും വാരിക്കോരി നൽകുമ്പോൾ രാജ്യത്തെ തൊഴിൽശക്തിയുടെ തൊണ്ണൂറ്റിമൂന്നു ശതമാനം വരുന്ന അസംഘടിത തൊഴിലാളിസമൂഹത്തിനായി ആനുപാതികമായി അർഹതപ്പെട്ട വിഹിതം മാറ്റിവെയ്ക്കപ്പെടുന്നില്ലെന്നു മാത്രമല്ല നിലവിലുണ്ടായിരുന്നവ വെട്ടിക്കുറയ്ക്കുകകൂടി ചെയ്യുന്നു. അസംഘടിത തൊഴിലാളികൾക്കായി ദേശീയതലത്തിൽ രൂപപ്പെടുത്തിയിരുന്ന മഹാത്മഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതി, സ്വാലംബൻ പെൻഷൻ പദ്ധതി, ആം ആദ്മി ബീമായോജന, രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന എന്നിവയുടെ നടത്തിപ്പ് ചട്ടങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള മാററങ്ങൾ, കുറഞ്ഞ വകയിരുത്തൽ എന്നിവ വലിയ പ്രതിസന്ധിക്കു കാരണമാകുന്നുണ്ട്. കേന്ദ്രസർക്കാർ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന കോർപ്പറേറ്റനുകൂല തൊഴിൽ നിയമപരിഷ്കാരങ്ങൾ, പ്രോവിഡന്റ് ഫണ്ട്, ഇ.എസ്.ഐ തുടങ്ങിയ നിയമങ്ങളിൽ വരുത്തുന്ന മാററങ്ങൾ എന്നിവ സംഘടിത തൊഴിൽമേഖലയുടെ അനൗപചാരികവത്ക്കരണത്തിനും വഴിവെയ്ക്കും. ആവശ്യത്തിനുള്ള സ്റ്റാഫിന്റെ അഭാവം, ഫണ്ടിന്റെ വകയിരുത്തൽ കുറവ്, ആനുകൂല്യങ്ങളുടെ വെട്ടിക്കുറയ്ക്കൽ, കെടുകാര്യസ്ഥത, അനാവശ്യമായ നൂലാമാലകൾ എന്നിവ മൂലം സംസ്ഥാനത്തെ പല തൊഴിലാളി ക്ഷേമനിധികളുടെയും പ്രവർത്തനം പ്രതിസന്ധിയിലാണ്. ഇവ പരിഹരിക്കുന്നതിനുള്ള ഗൗരവതരമായ സമീപനം സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല. ചുരുക്കത്തിൽ കൃഷിഭൂമിയുടെ അവകാശം കവരുന്നതും, ചെറുകിട കച്ചവടക്കാരുടെയും പരമ്പരാഗത തൊഴിൽ ചെയ്തു ജീവിക്കുന്നവരുടെയും പ്രശ്നങ്ങളും സുരക്ഷിതത്വ ഭീഷണിയും പരിഗണിക്കാത്തതും, പൊതുവിതരണം പൊതുവിദ്യാഭ്യാസം പൊതുവൈദ്യസഹായം എന്നീ മേഖലകളിലെ സബ്സിഡികൾ കുറച്ചുകൊണ്ട് സ്വകാര്യ മേഖലയുടെ കടന്നുകയറ്റം അനുവദിക്കുന്നതുമായ സർക്കാരിന്റെ നയങ്ങളും നിലപാടുകളുമെല്ലാം അസംഘടിത തൊഴിലാളിസമൂഹത്തെ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്നു.

7. ഇത്തരമൊരു സാഹചര്യത്തിൽ സഭയുടെ തൊഴിലാളിപക്ഷ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഈ ലോകത്തിലെ എല്ലാ മനുഷ്യരുടെയും സന്തോഷങ്ങളും ദു:ഖങ്ങളും തിരുസ്സഭയുടേതു കൂടിയാണ് (സഭ ആധുനിക ലോകത്തിൽ 1). മാനവരാശിയുടെ കഷ്ടതകളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കേണ്ടത് ഓരോ ക്രൈസ്തവന്റെയും കടമയാ





ണെന്നാണ് തിരുസ്സഭ മാതാവ് പഠിപ്പിക്കുന്നത്. പരിശുദ്ധ ഫ്രാൻസിസ് പാപ്പാ ഇക്കാര്യം എല്ലായ്പ്പോഴും വിശ്വാസികളെ അനുസ്മരിപ്പിക്കാറുണ്ട്. ഒരു വ്യക്തിയുടെ ജീവിതം സുരക്ഷിതമാകുമ്പോൾ മറ്റുള്ളവരെ മറക്കുന്ന പ്രവണതയെ 2015-ലെ നോമ്പുകാല സന്ദേശത്തിൽ പരിശുദ്ധ പിതാവ് നിശിതമായി വിമർശിക്കുന്നുണ്ട്. എനിക്കു ആരോഗ്യവും സ്വസ്തതയും ഉള്ളപ്പോൾ മററുള്ളവരുടെ ഇല്ലായ്മകളെക്കുറിച്ച് ഞാൻ ചിന്തിക്കുന്നില്ല. ഇന്നു നിസ്സംഗതയുടെ ഈ സ്വാർത്ഥത ആഗോളവ്യാപകമായിട്ടുണ്ട്. നിസ്സംഗതയുടെ ആഗോളവത്കരണമെന്നു നമുക്ക് പറയാൻ തക്കവിധം അതു വ്യാപിച്ചിരിക്കുകയാണ്. ക്രൈസ്തവരെന്ന നിലയിൽ നാം നേരിടേണ്ട പ്രധാന പ്രശ്നമാണിത്. ആയതിനാൽ നിലവിലുള്ള സാമൂഹിവ്യവസ്ഥിതികളിൽ നിന്നുകൊണ്ട് തന്നെ ഈ സംവിധാനങ്ങളെ പരമാവധി ഉപയോഗിച്ച് വിവേചനത്തിന്റെയും ചൂഷണത്തിന്റെയും അവകാശനിഷേധത്തിന്റെയും ഉച്ചനീചത്വങ്ങൾ ആവുന്നത്ര കുറയ്ക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കണം. പ്രേഷിത പ്രവർത്തനത്തിന്റെയും ജീവകാരുണ്യപ്രവർത്തനത്തിന്റെയും ഒപ്പം അസംഘടിത തൊഴിൽ മേഖലയിലെയും തൊഴിലാളിയുടെയും പ്രശ്നങ്ങളും ഏറ്റെടുക്കണം.

8. കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കേരള ലേബർ മൂവ്മെന്റ് (കെ.എൽ.എം.) എന്ന സാമൂഹിക സന്നദ്ധസംഘടന പ്രധാനമായും ഏറ്റെടുത്തിരിക്കുന്നത് അസംഘടിത തൊഴിലാളികളുടെ പ്രശ്നങ്ങളാണ്. സർക്കാർ പദ്ധതികളായ ക്ഷേമനിധികളെ പ്രോത്സാഹിപ്പിച്ച് പരമാവധി പേരെ ഇതിൽ അംഗങ്ങളാക്കാൻ സാഹചര്യമൊരുക്കുക, പെൻഷൻ പദ്ധതികൾ എല്ലാവരിലും എത്തിക്കുക, തൊഴിൽ പരിശീലനം നൽകുക, ആരോഗ്യ ഇൻഷുറൻസ്, മൈക്രോ ഇൻഷൂറൻസ് എന്നിവയുടെ പങ്കാളിത്തത്തോടെ സാമൂഹിക സുരക്ഷ ഉറപ്പാക്കുക, സ്വയം സഹായസംഘങ്ങളിലൂടെ ദാരിദ്ര്യത്തെ അതിജീവിക്കാനും സാമ്പത്തിക സുരക്ഷയ്ക്കുള്ള സാഹചര്യം സൃഷ്ടിക്കാനും ശ്രമിക്കുക, തൊഴിലാളി നേതൃത്വം വളർത്തിയെടുക്കുക, വിവിധ തൊഴിലാളി ഫോറങ്ങളിലൂടെ തൊഴിലാളി സമൂഹത്തെ സംഘടിച്ച് ശക്തരാകാൻ സഹായിക്കുക, തൊഴിലാളികൾക്ക് അനുകൂലമായി സർക്കാരുകൾ നയങ്ങൾ രൂപീകരിക്കുന്നതിനു സമ്മർദ്ദപ്രവർത്തനങ്ങൾ നടത്തുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ജാതിമതഭേദമില്ലാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി കെ.എൽ.എം. നടത്തിവരുന്നത്. നിർമ്മാണമേഖല, ചെറുകിട തോട്ടംതൊഴിൽ മേഖല, തയ്യൽമേഖല, മത്സ്യത്തൊഴിലാളി മേഖല, കർഷകത്തൊഴിലാളിമേഖല, മോട്ടോർ വാഹന തൊഴിലാളി മേഖല, ഗാർഹിക തൊഴിലാളി മേഖല, പീടിക തൊഴിലാളി മേഖല എന്നിവയിലാണ്

ഇപ്പോൾ കൂടുതലായും പ്രവർത്തനങ്ങൾ നടക്കുന്നത്. അന്യസംസ്ഥാന തൊഴിലാളികളുടെ മദ്ധ്യേയുള്ള പ്രവർത്തനങ്ങളും തുടങ്ങിക്കഴിഞ്ഞു. നമ്മുടെ പ്രദേശത്ത് ഈ മേഖലകളിലുള്ള മുഴുവൻ പേർക്കും ആവശ്യമായ സഹായം യഥാസമയം നൽകുന്നതിന് പ്രാദേശിക സഭാസമൂഹത്തിന് സാധിക്കണം. ഇതിനായി കെ.എൽ.എം. പ്രവർത്തനങ്ങൾ മുഴുവൻ രൂപതകളും പൂർണ്ണമനസ്സോടെ ഏറ്റെടുക്കണമെന്നും മുഴുവൻ ഇടവകകളും കെ. എൽ.എം. യൂണിറ്റുകൾ ആരംഭിച്ച് പാവപ്പെട്ട തൊഴിലാളികൾക്കായുള്ള പ്രവർത്തനം ശക്തമാക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

9. സഭാസ്ഥാപനങ്ങളിലെ ജീവനക്കാരെയും ശുശ്രൂഷികളെയും പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്. ഇവർക്കായി കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ നിർദ്ദേശാനുസരണം കെ. എൽ. എം. നടപ്പിലാക്കിയിരിക്കുന്ന സുരക്ഷ പെൻഷൻ പദ്ധതി ഒട്ടുമിക്ക രൂപതകളും ഇതിനോടകം തന്നെ വളരെ ഭംഗിയായി ചെയ്തുതുടങ്ങിയിട്ടുണ്ടെന്നതിൽ അതിയായ സന്തോഷമുണ്ട്. ഒപ്പം അവരെ അഭിനന്ദിക്കുകയും ചെയ്യുന്നു. സുരക്ഷാപദ്ധതി ഇനിയും നടപ്പിലാക്കാത്ത രൂപതകളും സന്ന്യാസസമൂഹങ്ങളും ഈ വർഷം തന്നെ അതു നടപ്പിലാക്കണമെന്നു അഭ്യർത്ഥിക്കുന്നു. കേരളത്തിലെ കത്തോലിക്കാസഭയുടെ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നിയമന, സേവന, വേതന വ്യവസ്ഥകൾ ഏകോപിപ്പിക്കുന്നതിനും സുതാര്യവും നിയമാനുസൃതവും സഭാ പ്രബോധന ങ്ങൾക്കനുസൃതവും ആക്കുന്നതിനു വേണ്ടിയാണു കെ.സി.ബി.സി. പീപ്പിൾ മാനേജ്മെന്റ് പോളിസി പുറത്തിറക്കിയിരിക്കുന്നത്. ഇതു നടപ്പിലാക്കാൻ വേണ്ട ഒത്താശകൾ നൽകുന്നതിനു കെ.എൽ.എം. നെയാണു ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇക്കാര്യത്തിനു വേണ്ട ക്രിയാത്മക സഹകരണം എല്ലാ രൂപതകളും സന്ന്യാസ സമൂഹങ്ങളും സ്ഥാപനാധികാരികളും നൽകണം എന്ന് അഭ്യർത്ഥിക്കുന്നു. കെസി.ബി.സി.യിലെ പിതാക്കന്മാരുടെ ആഹ്വാനങ്ങളും തീരുമാനങ്ങളും ചില സ്ഥാപനങ്ങളും അധികാരികളും കണ്ടില്ലെന്നും കേട്ടില്ലെന്നും നടിക്കുന്നുണ്ട്. ഈ സമീപനം സഭയെ ഒരുതരത്തിലും സഹായിക്കില്ലെന്ന് മാത്രമല്ല പൊതു സമൂഹത്തിൽ സഭ അവമതിക്കപ്പെടുന്നതിനും ആക്ഷേപിക്കപ്പെടുന്നതിനും മാത്രമേ ഉപകരിക്കുകയുള്ളൂവെന്നും മനസ്സിലാക്കണം. നീതിപൂർവ്വകമല്ലാത്ത കൂലി ദൈവസന്നിധിയിൽ പ്രതികാരത്തിനാവശ്യപ്പെടുന്ന പാപങ്ങളിലൊന്നാണെന്ന കാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ട് (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം, 2434). തൊഴിലിന്റെ മഹത്ത്വം അടങ്ങിയിരിക്കുന്നത് അത് ചെയ്യുന്നത് മനുഷ്യനാണ് എന്നതുകൊണ്ടാണെന്നു മറന്നുകൂടാ (മതബോധനം 2428). അതിനാൽ മനുഷ്യത്വപരവും, കരുണാപരവുമായ സമീപനം തൊഴിലാളിയോടും അവന്റെ/





അവളുടെ കുടുംബത്തോടും ഇല്ലാതെ പോകുന്നുണ്ടെങ്കിൽ അത് കടുത്ത തിന്മയും ദുർമാതൃകയുമാണ്.

10. രാഷ്ട്രവും സമൂഹവും സഭയും ആവശ്യമായവ ചെയ്തു തരുമ്പോൾ നീതിപൂർവ്വകവും സത്യസന്ധവുമായ സമീപനം തൊഴിലാളികളിൽ നിന്നും ഉണ്ടാകണം. ഏല്പിക്കപ്പെട്ടിരിക്കുന്ന തൊഴിലിന്റെ മികച്ചരീതിയിലുള്ള നിർവ്വഹണം, തൊഴിലിനോടുള്ള ആത്മാർത്ഥത, തൊഴിൽ ദാതാവിനോടുള്ള ആദരം, കുടുംബത്തിന്റെയും ആശ്രിതരുടെയും സംരക്ഷണം, ലഹരി വസ്തുക്കളിൽ നിന്ന് അകന്നു നിൽക്കൽ, നാളെയുടെ ആവശ്യങ്ങൾക്കായി കരുതൽ തുടങ്ങിയവയെല്ലാം തൊഴിലാളിയുടെ ധാർമ്മികമായ കടമയാണെന്നുകൂടി ഓർമ്മപ്പെടുത്തട്ടെ. അവകാശങ്ങളും കടമകളും നിർവഹിക്കപ്പെടുന്ന സമൂഹത്തിലാണ് സമാധാനമുണ്ടാകുന്നത്. സമാധാനമാണ് യഥാർത്ഥ വികസനം (വാഴ്ത്തപ്പെട്ട പോൾ 6-ാമൻ പാപ്പാ - ഭൂമിയിൽ സമാധാനം).

11. മെയ്ദിനത്തോടനുബന്ധിച്ച് തൊഴിലാളികൾക്കും സഭയുടെ തൊഴിൽ കാര്യപ്രവർത്തനങ്ങൾക്കും വേണ്ടി പ്രാർത്ഥനകളും പ്രത്യേകം ദിവ്യബലിയും നടത്തുന്നത് ഉചിതമായിരിക്കും. തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ മുന്നിൽ എല്ലാ തൊഴിലാളികളെയും അവരുടെ കുടുംബങ്ങളെയും സഭയുടെ തൊഴിൽകാര്യപ്രവർത്തനങ്ങളെയും പ്രവർത്തകരെയും അധികാരികളെയും സമർപ്പിക്കുന്നു.

12. ഒരു തൊഴിലാളിയുടെ കുടുംബത്തിൽ പിറക്കുകയും തൊഴിൽ ചെയ്ത് ജീവിക്കുകയും സമൂഹത്തിലെ അസംഘടിത വിഭാഗങ്ങളിൽനിന്ന് ശിഷ്യന്മാരെ തിരഞ്ഞെടുക്കുകയും ചെയ്ത നമ്മുടെ നാഥനും കർത്താവുമായ ഈശോമിശിഹായുടെ കൃപ എല്ലാ തൊഴിലാളികളുടെയും മേൽ വർഷിക്കപ്പെടട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

**ബിഷപ്പ് ഡോ. സ്റ്റാൻലി റോമൻ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

**ബിഷപ്പ് ഡോ. യൂഹാന്നോൻ മാർ ക്രിസോസ്റ്റം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

136/2015
16-03-2015

# ഇടയലേഖനം-135

## ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

കഴിഞ്ഞവർഷം നവംബർ 10 മുതൽ 13 വരെ നടത്തപ്പെട്ട രൂപതാ അസംബ്ലിയുടെ നിർദ്ദേശങ്ങളിലൊന്നാണ് ജീവന്റെ സംസ്കാരം വളർത്താനുള്ള പ്രവർത്തനങ്ങൾ (Pro-Life Activeties) സജീവമാക്കുക എന്നത്. ജീവന്റെ സംസ്കാരം എന്നാൽ ജീവനെ സ്നേഹിക്കുകയും ജീവനു സേവനം ചെയ്യുകയും ചെയ്യുന്ന സംസ്കാരം എന്നാണർത്ഥം. മംഗളവാർത്ത ദിനമായ മാർച്ച് 25 "ജീവന്റെ ദിന"മായിട്ടാണ് സഭ ആചരിക്കുന്നത്. എല്ലാവർക്കും ജീവൻ നല്കാനും അതു സമൃദ്ധമായി നല്കാനുമായി വന്ന ഈശോയെ പരിശുദ്ധമറിയം തന്റെ ഹൃദയത്തിലും ഉദരത്തിലും സ്വീകരിച്ച ദിവസമായിരുന്നല്ലോ മംഗളവാർത്താദിനം. "ജീവന്റെയും സ്നേഹത്തിന്റെയും ഉറ്റസമൂഹമായ" കുടുംബത്തെപ്പറ്റിയുള്ള സിനഡ് ഒക്ടോബർ മാസം റോമിൽ സമ്മേളിക്കുവാനും പോകുകയാണല്ലോ. ഈ സാഹചര്യത്തിൽ ജീവന്റെ ദിനാചരണം ഫലപ്രദമാക്കുവാൻ സഹായകമായ ചിലകാര്യങ്ങൾ ഞാൻ നിങ്ങളുടെ ശ്രദ്ധയിൽപെടുത്തട്ടെ.

കർത്താവിന്റെ ദാനമാണ് മക്കൾ, ഉദരഫലം ഒരു സമ്മാനവും. യൗവ്വനത്തിൽ ജനിക്കുന്ന മക്കൾ യുദ്ധവീരന്റെ കൈയ്യിലെ അസ്ത്രങ്ങൾപോലെയാണ് (സങ്കീ 127:3-5) എന്ന സങ്കീർത്തന വചനങ്ങളെ ഹൃദയത്തിലേറ്റെടുത്ത് കുടുംബത്തെയും കുടുംബബന്ധങ്ങളെയും പാവനമായി കണ്ടിരുന്ന മഹത്തായ പാരമ്പര്യമാണ് നമ്മുടേത്. നമ്മുടെ പൂർവ്വികർ ദാരിദ്രത്തിന്റെയും പട്ടിണിയുടെയും പാതയിലൂടെ കടന്നുപോയിരുന്നപ്പോഴും അവരുടെ പാതകളിൽ മക്കൾ ഒരു തടസ്സമായിരുന്നില്ല. എന്നാൽ ഇന്ന് കാലം മാറി, മനുഷ്യരും മാറി. സ്വന്തം സ്വാതന്ത്ര്യത്തെയും സന്തോഷത്തെയും ഹനിക്കുന്ന





എന്തിനെയും, സ്വന്തം കുഞ്ഞുങ്ങളാണെങ്കിൽ പോലും വേണ്ടെന്നു വയ്ക്കാനുള്ള പ്രവണത ഇന്നു വളർന്നു വരുന്നു. മനുഷ്യനു രൂപം കൊടുക്കാതിരിക്കാനും രൂപം ലഭിച്ച ഗർഭസ്ഥശിശുവിനെ ജീവിക്കാൻ അനുവദിക്കാതിരിക്കാനുമുള്ള മനുഷ്യന്റെ പ്രവണതയെ മരണസംസ്ക്കാരമെന്നാണ് വിളിക്കേണ്ടത്. മരണസംസ്ക്കാര വലയത്തിൽപ്പെട്ട് നന്മയെയും തിന്മയെയും, ധർമ്മത്തെയും അധർമ്മത്തെയും മനുഷ്യർ തിരിച്ചറിയാൻ കഴിയാത്തവിധം ദുർഗ്രഹമായിരിക്കുന്നു. അതിന്റെ വ്യക്തമായ തെളിവാണ് വർദ്ധിച്ചുവരുന്ന ഭ്രൂണഹത്യകളും വന്ധ്യംകരണ പ്രവർത്തനങ്ങളും മറ്റും. ലൈംഗികതയുടെ ലക്ഷ്യം സ്നേഹദായകവും ജീവദായകവുമാണെന്ന് പോൾ ആറാമൻ മാർപാപ്പ ഹൂമാനെ വീത്തേ എന്ന ചാക്രിക ലേഖനത്തിൽ വ്യക്തമാക്കിയത് നാം ഓർക്കണം.

ഓരോ കുഞ്ഞും, ദൈവം മനുഷ്യനെ സ്നേഹിക്കുന്നുവെന്നതിന്റെ തെളിവാണെന്ന രവീന്ദ്രനാഥ ടാഗോറിന്റെ വാക്കുകൾ എത്രയോ അർത്ഥവത്താണ്. ദൈവത്തിന്റെ ശ്രേഷ്ഠമായ പദ്ധതി ഈ ഭൂമിയിൽ നിറവേറ്റാൻവേണ്ടിയാണ് ദൈവം ഓരോരുത്തരെയും ഭൂമിയിലേക്ക് അയച്ചത്. അവിടുന്ന് ഇപ്രകാരം അരുളിചെയ്യുന്നു: നിങ്ങളെപ്പറ്റിയുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണ്. നിങ്ങൾക്ക് ശുഭമായ ഭാവിയും പ്രത്യാശയും നല്കുന്ന പദ്ധതി (ജെറ 29:11). വി. പൗലോസ്ശ്ലീഹായും ഇക്കാര്യം നമ്മെ ഓർമ്മിപ്പിച്ചുകൊണ്ട് പറയുന്നു: നാം ദൈവത്തിന്റെ കരവേലയാണ്. നാം ചെയ്യാൻവേണ്ടി ദൈവം മുൻക്കൂട്ടി ഒരുക്കിയ സൽപ്രവർത്തികൾക്കായി യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാണ് നമ്മൾ (എഫേ 2:10). സത്പ്രവൃത്തി എന്നാൽ ദൈവവചനമനുസരിച്ചുള്ള ജീവിതവും പ്രവർത്തനവുമാണ്.

ജെറമിയ പ്രവാചകനോട് കർത്താവ് പറഞ്ഞു "മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നല്കുന്നതിനുമുമ്പേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനുമുമ്പേ ഞാൻ വിശുദ്ധീകരിച്ചു"(7:4-5) എന്ന്. എല്ലാവരും അനാദിയിൽതന്നെ ദൈവമനസ്സിലുണ്ട്. ഓരോ വ്യക്തിയെയും കുറിച്ചുള്ള ദൈവപദ്ധതി ആ വ്യക്തിതന്നെയാണ് നിറവേറ്റേണ്ടത്. അമ്മയുടെ ഉദരത്തിൽവച്ചുതന്നെ ഒരു വ്യക്തിയെ ഉന്മൂലനം ചെയ്യുകവഴി ദൈവപദ്ധതിയെ തകർക്കുകയാണ് നാം ചെയ്യുന്നത്. വിദേശത്ത് ഉന്നതമായ ജോലി ഏറ്റെടുക്കുവാൻവേണ്ടി ആറരമാസം പ്രായമായ തന്റെ കുഞ്ഞിനെ ഉദരത്തിൽവച്ച് നശിപ്പിക്കാൻ ഒരുസ്ത്രീ തയ്യാറായതും തന്മൂലം ആ അമ്മയും കുഞ്ഞും മരിച്ചതും നാം വായിച്ചറിഞ്ഞതാണല്ലോ. ഇതുപോലുള്ള സംഭവങ്ങളിൽ വളരെക്കുറച്ചുമാത്രമാണ് മാധ്യമങ്ങൾ വഴി നാം അറിയുന്നത്.

പന്ത്രണ്ടും അതിലധികവും കുഞ്ഞുങ്ങളെ കഷ്ടപ്പെട്ടു വളർത്തിയ നമ്മുടെ പൂർവ്വികരെ വിശുദ്ധരെന്നല്ലാതെ നാം എന്താണ് വിളിക്കുക. സ്വന്തം കുഞ്ഞിനെ രക്ഷിക്കാൻവേണ്ടി ജീവിതം സമർപ്പിച്ച വി. ജയന്ന ബറേറ്റ മോള്ളയും "ദയവായി കുഞ്ഞുങ്ങളെ നശിപ്പിക്കരുതെ, അവരിൽ ദൈവം ജനിക്കുന്നു. നിങ്ങൾക്ക് കുഞ്ഞിനെ സംരക്ഷിക്കാൻ സാധിക്കില്ലെങ്കിൽ നിങ്ങൾക്കുവേണ്ടി ഞാനവരെ സംരക്ഷിക്കാം" എന്നു പറഞ്ഞ മദർ തെരേസയുമൊക്കെ നമ്മുടെ തലമുറയ്ക്ക് വെളിച്ചമാകേണ്ടവരാണ്. അന്ധകാരത്തിന്റെ കാഠിന്യം തിരിച്ചറിയുന്നത് അതിനെ പ്രകാശവുമായി തുലനം ചെയ്യുമ്പോഴാണല്ലോ. ജീവനെടുക്കാനുള്ള അധികാരം അതിന്റെ ദാതാവിനുമാത്രമാണെന്ന സത്യം നാം തിരിച്ചറിയണം. "ജീവരക്തത്തിന് മനുഷ്യരോടും മൃഗത്തോടും ഞാൻ കണക്കുചോദിക്കും"(ഉല്പ 9:5) എന്ന ദൈവചനം നമ്മുടെയൊക്കെ മുമ്പിൽ ഒരു ചോദ്യചിഹ്നമായി നിലകൊള്ളും.

ഈ ഭൂമിയിൽ ജനിച്ചു വളരേണ്ട മനുഷ്യനു രൂപം കൊടുക്കാതിരിക്കുന്നതും രൂപം ലഭിച്ച ഗർഭസ്ഥശിശുവിനെ ജീവിക്കാൻ അനുവദിക്കാതിരിക്കുന്നതും പിശാചിന്റെ കുതന്ത്രഫലമാണെന്നു നാം തിരിച്ചറിയണം. സാത്താന്റെ കുതന്ത്രങ്ങളിൽപ്പെട്ട് ആധുനിക മനുഷ്യൻ തകർന്നുകൊണ്ടിരിക്കുകയാണ്. സഭാചരിത്രകാരനായ തെർത്തുല്യന്റെ അഭിപ്രായത്തിൽ ജനിക്കാനിരിക്കുന്ന കുഞ്ഞിനെ ജനിക്കാൻ അനുവദിക്കാതിരിക്കുന്നത് ആ കുഞ്ഞിനെ കൊല്ലുന്നതിനു തുല്യമാണ്. ശിശു ഒരു സ്ത്രീയുടെ ഉദരത്തിൽ ഉരുവാക്കപ്പെട്ടുകഴിയുമ്പോൾ അവൾ അമ്മയായി തീർന്നു. ഗർഭസ്ഥശിശുവിനെ വധിച്ചാൽ അവൾ അമ്മയാകാതിരിക്കുകയില്ല, കുഞ്ഞിനെ കൊന്ന അമ്മയായി അവൾ മാറുകയാണ്.

ഓരോ വ്യക്തിയുടെയും ജനനത്തിൽ ദൈവിക പദ്ധതിയുണ്ട്. യേശു പറഞ്ഞു "അവൻ അന്ധനായി ജനിച്ചത് ഇവന്റെയോ ഇവന്റെ മാതാപിതാക്കൻമാരുടെയോ പാപം നിമിത്തമല്ല, പ്രത്യുത ദൈവത്തിന്റെ പ്രവർത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്"(യോഹ 9:3). പൂർണ്ണതയുള്ള കുഞ്ഞിനുമാത്രമല്ല ഈ ഭൂമിയിൽ ജീവിക്കാൻ അവകാശമുള്ളത്. ഗർഭത്തിൽ വളരുന്ന കുഞ്ഞിലും പ്രസവിച്ചുകഴിഞ്ഞ കുഞ്ഞിലും ഒരേ ജീവൻതന്നെയാണ് ഉള്ളതെന്ന് നാം മറക്കരുത്. അംഗവൈകല്യത്തെ ഒരു കുറവായി കാണരുത്. അതിനെ അംഗീകരിച്ച് പ്രത്യാശയോടെ നീങ്ങുമ്പോൾ അവർ ദൈവപദ്ധതി പ്രകാരമുള്ള വലിയ കാര്യങ്ങൾ ചെയ്യാൻ പ്രാപ്തിയുള്ളവരായി തീരുമെന്ന് അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. "നിങ്ങൾ പെരുകണം നിങ്ങളുടെ സംഖ്യ കുറഞ്ഞുപോകരുത്"(ജെറ.29:6) എന്നുള്ള ദൈവവചനം നമ്മുക്കു തിരിച്ചറിവ് നല്കണം. യുവജനങ്ങളുടെയും ജോലിചെയ്യാൻ തക്ക





ആരോഗ്യമുള്ളവരുടെയും സംഖ്യ അധികമുള്ള രാഷ്ട്രങ്ങൾ മാത്രമാണ് സാമ്പത്തികമായും മറ്റെല്ലാവിധത്തിലും വളർന്നു വലുതാകുന്നത്.

കുട്ടികളുടെ വിദ്യാഭ്യാസം മുൻകാലങ്ങളെ അപേക്ഷിച്ച് വളരെ ചെലവേറിയതാണെന്നത് സത്യമാണ്. എന്നാൽ സാമ്പത്തിക സൗകര്യമുള്ള കുടുംബങ്ങളിലാണ് കുട്ടികളുടെ എണ്ണം താരതമ്യേന കുറഞ്ഞു കാണുന്നത്. സാമ്പത്തിക ബുദ്ധിമുട്ടല്ല, മറിച്ച് നമ്മുടെ സ്വാർത്ഥതയും സുഖലോലുപതയും ധൂർത്തും സർവ്വോപരി വിശ്വസമില്ലായ്മയുമാണ് പലപ്പോഴും യഥാർത്ഥ പ്രശ്നം. സാമ്പത്തിക ബുദ്ധിമുട്ടുള്ള നമ്മുടെ കുടുംബങ്ങളിലെ മൂന്നാമത്തെ കുട്ടിക്ക് നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പകുതി ഫീസിളവും നാലാമത്തെ കുട്ടിക്ക് മുഴുവൻ ഫീസിളവും നല്കി സഹായിക്കാനുള്ള തീരുമാനം എടുത്ത വിവരം ഈ സന്ദർഭത്തിൽ ഞാൻ നിങ്ങളെ അറിയിക്കുന്നു. രൂപതാ അസംബ്ലിയുടെ താല്പര്യപ്രകാരം നാലാമത്തെ കുട്ടിയ്ക്ക് പ്രാരംഭ കൂദാശകൾ നല്കാൻ ഞാൻ ഇടവകയിൽ വരാമെന്നും സമ്മതിച്ചിട്ടുണ്ട്.

വ്യക്തികളുടെയും കുടുംബങ്ങളുടെയും സമൂഹങ്ങളുടെയും നവീകരണത്തിലൂടെ മാത്രമെ ജീവന്റെ പുതിയ സംസ്ക്കാരം ഉടലെടുക്കുകയുള്ളൂ. സംസ്കാര രൂപാന്തരീകരണത്തിന്റെ ഈ പ്രക്രിയ ക്രൈസ്തവ സമൂഹങ്ങളിൽ ആരംഭിക്കണം. വ്യക്തികളിലും കുടുംബങ്ങളിലും സമൂഹങ്ങളിലും വിശ്വാസവും പ്രവൃത്തിയും തമ്മിൽ എന്തുമാത്രം പൊരുത്തവും പൊരുത്തക്കേടും നിലനില്ക്കുന്നുണ്ടെന്നതിനെപ്പറ്റി ഗൗരവമായ ആത്മപരിശോധന അത്യാവശ്യമാണ്. നമ്മുടെ ഇടവകകളിലും കുടുംബങ്ങളിലും ജീവന്റെ സുവിശേഷത്തോടുള്ള ക്രിയാത്മക പ്രതിബദ്ധത എത്രത്തോളമുണ്ടെന്നും ഇതു വളർത്താനായി എന്തു നടപടികളാണ് എടുക്കേണ്ടതെന്നും സൂക്ഷ്മമായി പരിശോധിക്കണം.

വ്യക്തികളുടെ മനഃസാക്ഷി രൂപീകരണമാണ് സംസ്കാര രൂപീകരണത്തിന്റെ ആദ്യപടി. മനുഷ്യ ജീവന്റെ അതുല്യ മൂല്യത്തെക്കുറിച്ച് ഓരോരുത്തരുടേയും മനഃസാക്ഷിയിൽ ഉത്തമബോധ്യം ഉണ്ടാകണം. മനഃസാക്ഷി രൂപീകരണവുമായി അഭേദ്യമാവിധം ബന്ധപ്പെട്ടതാണ് വിദ്യാഭ്യാസം. അതു മനുഷ്യനെ കൂടുതൽ മഹത്വമുള്ളവനാക്കുന്നു. മറ്റു വ്യക്തികളെ മാനിക്കാൻ പഠിപ്പിക്കുന്നു. മനുഷ്യ ജീവൻ ഉത്ഭവം മുതൽ പവിത്രമാണെന്ന ബോധ്യം നല്കുന്നു. ഇപ്രാകരമുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് ചെറുപ്പംമുതലേ നല്കണം. ലൈംഗികതയെ സംബന്ധിച്ച് ആരോഗ്യകരവും ക്രൈസ്തവുമായ കാഴ്ച്ചപ്പാട് കൗമാരപ്രായം മുതൽ അവർക്ക് ലഭിക്കണം. ഉത്തരവാദിത്വ പൂർണ്ണ

മായ കുടുംബജീവിതത്തിനാവശ്യമായ അറിവും, പരിശീലനവും ദമ്പതികൾക്ക് ലഭ്യമാക്കണം. സന്താനോത്പാദനത്തെക്കുറിച്ച് സ്വാഭാവിക നിയമങ്ങളും ക്രൈസ്തവ കാഴ്ച്ചപ്പാടും ഈ പരിശീലനത്തിന്റെ ഭാഗമാക്കണം.

ജീവന്റെ പുതിയ സംസ്കാരം രൂപപ്പെടുത്തുന്നതിൽ കുടുംബത്തിനും നിർണ്ണായക പങ്കുണ്ട്. ജീവന്റെ സുവിശേഷം ആഘോഷിക്കുവാൻ ഏറ്റവും അനുയോജ്യർ ദമ്പതികളാണ്. കാരണം കുടുംബമാണ് ജീവന്റെ ശ്രീകോവിൽ. ജീവൻ ഉണരുന്നതും വളരുന്നതും കുടുംബത്തിലാണ്. ഉത്തരവാദിത്വത്തിലൂടെ മക്കളെ വളർത്തുന്ന മാതാപിതാക്കളിലൂടെയാണ് അടുത്ത തലമുറ ജീവന്റെ മൂല്യം എന്താണെന്നു പഠിക്കുന്നത്. മാതാപിതാക്കളുടെ വാക്കുകളും പ്രവൃത്തികളും തീരുമാനങ്ങളും മക്കൾക്ക് സുവിശേഷ പ്രഘോഷണമായി മാറണം. കുടുംബാംഗങ്ങൾ തനിച്ചും കൂട്ടായും ദിവസേന പ്രാർത്ഥിക്കുമ്പോൾ ജീവന്റെ സുവിശേഷം ആഘോഷിക്കുകയാണ് ചെയ്യുന്നത്. കുടുംബാംഗങ്ങൾ പരസ്പരം നല്കുന്ന സേവനം ജീവനു നല്കുന്ന ശുശ്രൂഷയാണ്.

അനാഥകുഞ്ഞുങ്ങളെ ദത്തെടുത്ത് സ്വന്തം മക്കളെപോലെ വളർത്തുന്നവരും ഈ ശുശ്രൂഷ ഉദാത്തമായി നിർവ്വഹിക്കുന്നവരാണ്. അങ്ങനെ ചെയ്യുന്ന കുറേപ്പേരെങ്കിലും നമ്മുടെ രൂപതയിലുണ്ടെന്നകാര്യം ഇത്തരുണത്തിൽ സന്തോഷത്തോടെ അറിയിക്കട്ടെ. കുടുംബക്കൂട്ടായ്മകളും ആത്മായ സംഘടനകളും ജീവന്റെ മൂല്യത്തെപ്പറ്റി ബോധ്യമുള്ളവരാകണം. മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ മുന്നോട്ടുവരണം. അതുവഴി ജീവനു സംരക്ഷണം നല്കുന്ന നിയമങ്ങൾ നിർമ്മിക്കാൻ സാഹചര്യം ഉണ്ടാകും.

ജീവന്റെ സംസ്കാരത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ സ്ത്രീകൾക്ക് അതുല്യമായ ഒരു സ്ഥാനമുണ്ട്. മറ്റൊരു മനുഷ്യവ്യക്തിയെ സ്വന്തം ശരീരത്തിൽ സ്വാഗതം ചെയ്ത് സ്വന്തം മാംസവും രക്തവും നല്കി വളർത്തിയെടുക്കുന്ന മാതൃത്വം ജീവന്റെ സംസ്കാരത്തിനു നല്കുന്ന സേവനം അതുല്യമാണ്. അതിൽ അഭിമാനംകൊള്ളാൻ കഴിയുമ്പോൾ സ്ത്രീകൾ പുതിയ സംസ്കാരത്തിന്റെ മുന്നണി പോരാളികളാകും.

വൃദ്ധജനങ്ങൾ നമ്മുടെ പ്രത്യേക ശ്രദ്ധയർഹിക്കുന്നവരാണ്. അവരെ ഭാരമായും ഉപയോഗശൂന്യരായും കാണുന്ന പ്രവണത ജീവന്റെ സുവിശേഷത്തിനെതിരാണ്. ഇത് ദയാവധത്തിന് കളമൊരുക്കുന്നതാണ്. പ്രായമായ മാതാപിതാക്കളും വൃദ്ധജനങ്ങളും പ്രഥമത: കുടുംബങ്ങളിൽ പരിചരിക്കപ്പെടണമെന്നും സംരക്ഷിക്കപ്പെടണമെന്നുമുള്ള തന്റെ നിലപാട് ഫ്രാൻസിസ് മാർപാപ്പ ഈ മാസം 5-ാം തിയ്യതി വ്യക്തമാക്കുകയുണ്ടായി. തലമുറക





ളുടെ തുടർച്ചയാണ് കുടുംബം. മാതാപിതാക്കൾ മക്കളെ സംരക്ഷിച്ചു വളർത്തുന്നു. അവർക്കു പ്രായമാകുമ്പോൾ മക്കൾ അവരെ സംരക്ഷിക്കുന്നു. അവരുടെ അനുഭവസമ്പത്തും ജ്ഞാനവും ഇളംതലമുറക്ക് പ്രചോദനവും പ്രത്യാശയും പ്രദാനം ചെയ്യും.

പ്രിയ സഹോദരരേ, മരണത്തിന്റെ സംസ്കാരം അതിശക്തമാണ്. ലോകത്തിന്റേതായ സകല സമ്പത്തും, ആയുധങ്ങളും മാധ്യമങ്ങളും ആ സംസ്കാരത്തിന്റെ അധീനതയിലുണ്ട്. ജീവനെതിരായ വെല്ലുവിളിതന്നെയാണ് ഭീകരവാദവും. എന്നാൽ ജീവന്റെ സംസ്കാരത്തിനു ശക്തിപകരുന്നത് മരണത്തെ ജയിച്ച ഉത്ഥിതനായ ഈശോയാണ്. നമ്മുക്കു വേണ്ടി സ്വയം ദാനമായി തീർന്നവനാണ് അവിടുന്ന്. വഴിയും സത്യവും ജീവനുമാണ് അവിടുന്ന് (യോഹ 14:6). ജീവനെ സ്നേഹിക്കുകയും ജീവനു സേവനം ചെയ്യുകയും ചെയ്യുന്ന വ്യക്തികളാകാൻ നമ്മെ ശക്തിപ്പെടുത്തണമേയെന്ന് നമ്മുക്ക് അവിടുത്തോട് പ്രാർത്ഥിക്കാം. "ജീവനെ രക്ഷിക്കുക, അതു സമൃദ്ധമാക്കുക"എന്ന അവിടുത്തെ പ്രബോധനം ഉൾക്കൊണ്ട് തീക്ഷ്ണതയോടെ സേവനം ചെയ്യുന്ന എല്ലാ Pro-Life പ്രവർത്തകരെയും ഞാൻ അഭിനന്ദിക്കുന്നു. അവരുടെ പ്രവർത്തനങ്ങളെ കർത്താവ് ഫലപ്രദമാക്കട്ടെ.

സിറിയായിലും ഇറാഖിലും ചില ആഫ്രിക്കൻ രാജ്യങ്ങളിലും പീഡിപ്പിക്കപ്പെടുന്ന നമ്മുടെ ക്രൈസ്തവ സഹോദരങ്ങളോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് മാർച്ച് 24-ാം തിയ്യതി ചൊവ്വാഴ്ച ഉപവാസ പ്രാർത്ഥനാ ദിനമായി ആചരിക്കണമെന്ന് കേരളത്തിലെ ക്രൈസ്തവ മെത്രാൻമാർ നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം ചെയ്യണമെന്ന് ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. പുനരുത്ഥാനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനാശംസകളും നിങ്ങൾക്ക് ഞാൻ സ്നേഹപൂർവ്വം നേരുന്നു.

ഉത്ഥിതനായ നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

for recordical purpose

2015



# BISHOP'S Engagements

**2015 April**

| | |
|---|---|
| 2 | Maundy Thursday, Cathedral |
| 3 | Good Friday, Cathedral |
| 4 | Holy Saturday, Cathedral |
| 5 | Easter, Cathedral |
| 7 | Inauguration, Sehion Media Centre |
| | Sehion Trust Meeting |
| 8 | Meeting, St. Mary's Minor Seminary, Kallepully |
| | Vocation Camp, St. Mary's Minor Seminary, Kallepully |
| 9 | Sehion Retreat Centre, Thavalam |
| 11 | Meeting, Pastoral Centre |
| 12 | St. Ignatius Church, Koonathara |
| | St. Paul's Church, Pattambi |
| 14 | Meeting, Mathruvedi, Pastoral Centre |
| 16 | St. Jude Church, Odamthode |
| 17 | Meeting, Renewal Centre, Ernakulam |
| 18 | Vestition, SABS, Mundoor |
| 19 | Japamala Rani Church, Chittilanchery |
| 20 | Lourde Matha Forane Church, Vadakkencherry |
| | St. Mary's Church, Thathamangalam |
| 21 | Holy Spirit Forane Church, Mannarkkad |





2015



# BISHOP'S Engagements

| | |
|---|---|
| 22 | Edappally |
| 23 | Sehion Retreat Centre, Thavalam |
| 25 | Meeting, Pastoral Centre |
| 26 | St. Antony's Forane Church, Melarkkode |
| | St. Pius X$^{th}$ Church, Olippara |
| 27 | Fathima Matha Church, Agali |
| 30 | CMC Golden Jubilee, Kanikkamatha |

**2015 May**

| | |
|---|---|
| 1 | AKCC Meeting, Pastoral Centre |
| 2 | Mary Matha Church, Kalladikode |
| | St. Joseph Church, Sreekrishnapuram |
| 3 | St. Raphael's Cathedral |
| | Holy Spirit Forane Church, Perimbadari |
| 4 | Pre-cana, Yuvkshetra |
| 5 | Monthly Recollection, Bishop's House |
| 7 | St. George's Convent, Seenkara |
| | Sehion Retreat Centre, Thavalam |
| 9 | St. Thomas Church, Elavampadam |
| 10 | Vimalahridhaya Church, Koduthirapally |
| 11-12 | Meeting, Mount St. Thomas, Kakkanad |




**മാസധ്യാനം**

ഏപ്രിൽ മാസത്തിലെ വൈദികരുടെ മാസധ്യാനം അതതു ഫൊറോനകളിൽ വെച്ചായിരിക്കും നടത്തപ്പെടുന്നത്.

**പെസഹാവ്യാഴം പിരിവ്**

സെമിനാരി വിദ്യാർത്ഥികളുടെ പരിശീലനത്തിനായി നമ്മുടെ ഇടവകകളിൽ നിന്നും പെസഹാവ്യാഴാഴ്ച നൽകാറുള്ള സംഭാവനയെപ്പറ്റി ബഹു. വികാരിയച്ചന്മാർ പള്ളിയിൽ അറിയിച്ച് ലഭിക്കുന്ന തുക മെയ് 31ന് മുമ്പായി രൂപതാകാര്യാലയത്തിൽ ഏല്പ്പിക്കണം. രൂപതയിലെ എല്ലാ സ്ഥാപനങ്ങളും ഇതിൽ ഉദാരമായി സഹകരിക്കേണ്ടതാണ്.

**ഓഡിറ്റിംഗ്**

പള്ളിക്കണക്ക് രൂപതാകാര്യാലയത്തിൽ ഓഡിറ്റ് ചെയ്യണമെന്നുള്ളവർ അനുബന്ധപുസ്തകങ്ങളും റെക്കോർഡുകളും 2015 മെയ് 22 നു മുമ്പ് ഓഫീസിൽ ഏല്പിക്കേണ്ടതാണ്. വാർഷിക തെരട്ടിനൊപ്പം, പള്ളി ഭൂസ്വത്തുകളുടെ കരം അടച്ച രസീതും നിർബന്ധമായും കൊണ്ടുവരണം.

**നന്ദി...**



കഴിഞ്ഞ അഞ്ചുവർഷക്കാലം രൂപതാ ബുള്ളറ്റിന്റെ എഡിറ്ററായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ബഹു. ജെയ്മോൻ പള്ളിനീരക്കലച്ചന് നന്ദിയും മുന്നോട്ടുള്ള പൗരോഹിത്യ ജീവിതത്തിന് എല്ലാ വിജയാശംസകളും നേരുന്നു.





## സമർപ്പിതസംഗമം

സമർപ്പിതവർഷാചരണത്തിന്റെ ഭാഗമായി നമ്മുടെ രൂപതയിൽനിന്നുള്ള സമർപ്പിതരുടെ സംഗമം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിലേക്ക് ഓരോ ഇടവകയിൽനിന്നുള്ള സമർപ്പിതരുടെ വിശദവിവരങ്ങൾ അവരുടെ വീടുകളിൽനിന്ന് ശേഖരിച്ച് ഇംഗ്ലീഷ് വലിയ അക്ഷരത്തിൽ എഴുതി ഏപ്രിൽ 30ന് മുൻപ് രൂപതാകാര്യാലയത്തിലേക്ക് അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു. വൈദികരല്ലാത്തവരെ സംബന്ധിച്ച് ഡീക്കൻ പട്ടമൊ, വ്രതവാഗ്ദാനം നടത്തിയവരൊ ആയിരിക്കണം.

1. സമർപ്പിതൻ/സമർപ്പിത പാലക്കാട് രൂപതയിലെ ഇടവക
2. സഭയിലെ പേരും വീട്ടുപേരും
3. മാതാപിതാക്കളുടെ പേരുകൾ
3. സമർപ്പിതൻ രൂപത വൈദികൻ/ സന്യാസ വൈദികൻ
4. ഏത് രൂപതയിൽ ശുശ്രൂഷ ചെയ്യുന്നു
5. സന്യാസി/സന്യാസിനി ഏത് കോൺഗ്രിഗേഷനിലെ അംഗമാണ്
6. ജനന തിയ്യതി
7. പ്രഥമ വ്രതവാഗ്ദാന തിയ്യതി
8. നിത്യവ്രത വാഗ്ദാന തിയ്യതി
9. തിരുപ്പട്ട സ്വീകരണ തിയ്യതി
10. ഇപ്പോഴത്തെ അഡ്രസ്സ് പിൻകോഡ് സഹിതം & ഫോൺ നമ്പർ
11. രൂപത/പ്രൊവിൻഷ്യൽ ഹൗസ് അഡ്രസ്സ് പിൻകോഡ് സഹിതം & ഫോൺ നമ്പർ

വികാരിയച്ചന്റെ പേരും ഒപ്പും

## രൂപതാ പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ്

2015 മാർച്ച് 15ന് നിശ്ചയിക്കപ്പെട്ടിരിക്കുന്ന പാസ്റ്ററൽ കൗൺസിൽ യോഗം ഹർത്താൽ കാരണം 21.03.2015-ലേക്ക് മാറ്റിവച്ചു. പ്രസ്തുത ദിവസം കാലത്ത് 10.45ന് ഹോളിഫാമിലി കോൺഗ്രിഗേഷൻ പാലക്കാട്, പ്രൊവിൻഷ്യൽ വെരി. റവ. സി. ആനിമരിയയുടെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. രൂപതാവികാരി ജനറാൾ മോൺ. ജോസഫ് ചിറ്റിലപ്പിള്ളി ഏവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി കെ.ടി. തോമസ് കിഴക്കേക്കര കഴിഞ്ഞയോഗ

ത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മന ത്തോടത്ത് പിതാവ് പാസ്റ്ററൽ കൗൺസിൽ ചർച്ച ചെയ്ത വിഷയമായ: 'കുടുംബത്തിന്റെ വിളിയും ദൗത്യവും സഭയിലും സമകാലിക ലോക ത്തിലും' എന്ന പ്രമേയത്തിന്റെ പ്രസക്തിയെക്കുറിച്ചും 2015 ഒക്ടോ ബർ റോമിൽവച്ച് നടക്കാനിരിക്കുന്ന സാധാരണ സിനഡിന്റെ പാശ്ചാ ത്തലങ്ങളും അവതരിപ്പിച്ചുകൊണ്ടാണ് തന്റെ അദ്ധ്യക്ഷപ്രസംഗം ആരംഭിച്ചത്.

മനുഷ്യകുലത്തിന്റെ സുസ്ഥിതിക്കും ഭാവിയ്ക്കും ദൈവം സംവിധാനം ചെയ്ത കുടംബം ഇന്ന് നേരിടുന്ന വെല്ലുവിളികളുടെ യാഥാർത്ഥ്യ ങ്ങളിലേക്ക് പിതാവ് വിരൽചൂണ്ടി. ഏഷ്യയിൽ ഏറ്റവുമധികം വിവാ ഹമോചനങ്ങൾ നടക്കുന്ന നാട് കേരളമാണെന്നകാര്യം പിതാവ് ഓർമ്മിപ്പിച്ചു. 'കുടുംബം എന്താണൊ അതായി തീരുക' എന്ന വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ വരികൾ ഉദ്ധരിച്ചുകൊണ്ട് കുടുംബം എന്താണൊ, എന്തിനായി സ്ഥാപിക്കപ്പെട്ടോ, അതായിത്തീ രാത്തതാണ് തകർച്ചയുടെ കാരണമെന്ന് പിതാവ് വ്യക്തമാക്കി. കുടും ബത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളിലല്ല– മനുഷ്യന്റെ മനോഭാവങ്ങളി ലാണ് മാറ്റം വരുത്തേണ്ടത്. തകർച്ചയ്ക്കുള്ള കാരണങ്ങളെ വിവേചി ച്ചറിഞ്ഞ് മുൻകരുതലുകൾ എടുത്ത്. കുടുംബത്തെ കുടുംബമാക്കാൻ പരിശ്രമിക്കുകയെന്നത് എല്ലാ വൈദികരുടെയും സന്യസ്തരുടെയും സർവ്വോപരി കുടുംബങ്ങളുടെതന്നെ ദൗത്യവും വിളിയുമാണെന്ന് പിതാവ് ഓർമ്മിപ്പിച്ചു.

തുടർന്ന് 11 ഫോറോനകളിലെ റിപ്പോർട്ടുകൾ അവതരിപ്പിക്കപ്പെട്ടു. പാസ്റ്ററൽ കൗൺസിൽ ജനറൽ സെക്രട്ടറി റിപ്പോർട്ടുകളെ ക്രോഡീക രിക്കുകയും ചർച്ചകളുടെ ലക്ഷ്യങ്ങളും ഫലങ്ങളും സൂചിപ്പിക്കുകയും ചെയ്തു. രൂപതാ ചാൻസിലറും ജുഡീഷ്യൽ വികാരിയുമായ ഡോ. പീറ്റർ കൊച്ചുപുരയ്ക്കലച്ചൻ വിവാഹത്തെ സംബന്ധിച്ച കാനോ നികവശങ്ങൾ അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചു.

തുടർന്ന് അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ ഇന്ത്യയിലും വിദേ ശരാജ്യങ്ങളിലും ക്രൈസ്തവരും മിഷണറിമാരും നേരിടുന്ന പീഡന ങ്ങളെക്കുറിച്ച് പാസ്റ്ററൽ കൗൺസിൽ ചർച്ചചെയ്തു. മൗന പ്രാർത്ഥ നയ്ക്കുശേഷം ആരംഭിച്ച ചർച്ചയിൽ അഭിവന്ദ്യ പിതാവും വികാരി ജനറാളച്ചനും സ്ഥിതിഗതികളെ വിലയിരുത്തി സംസാരിച്ചു. സെക്ര ട്ടറി കെ.ടി. തോമസ് പ്രമേയം അവതരിപ്പിച്ചു.





അവസാനമായി രൂപതയിൽ ഭൂരിപക്ഷം വരുന്ന കർഷകർ അഭിമുഖീ കരിക്കുന്ന പ്രശ്നങ്ങളെപ്പറ്റി ചർച്ചചെയ്യുകയും അവരുടെ സമഗ്രവിക സനം ലക്ഷ്യമാക്കി പ്രൊഡ്യൂസർ കമ്പനികൾ സ്ഥാപിക്കുന്നതിനെ ക്കുറിച്ച് PSSP സെക്രട്ടറി ബഹു. ഫാ. ജേക്കബ് മാവുങ്കൽ സംസാരി ച്ചു. ശ്രീമതി ബീന ജോസഫിന്റെ നന്ദിപ്രകടനത്തോടെ 1.30ന് യോഗം പര്യവസാനിച്ചു.

## കുടുംബത്തിന്റെ വിളിയും ദൗത്യവും സഭയിലും സമകാലിക ലോകത്തിലും

### ഭാഗം 1: കുടുംബത്തിന്റെ സാഹചര്യം: സമകാലീന വെല്ലുവിളികൾ

കുടുംബത്തിന്റെ വിളിയും ദൗത്യവും സഭയിലും സമകാലിക ലോകത്തിലും എന്ന പഠന രേഖയെ ആസ്പദമാക്കി പാലക്കാട് രൂപതാ കുടുംബസമ്മേളന യൂണിററുകൾ ഫൊറോന കൗൺസിലുകൾ രൂപത പാസ്റ്ററൽ കൗൺസിൽ എന്നിവയിൽ നടന്ന ചർച്ചയിലൂടെ ഉരുത്തിരിഞ്ഞ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. കുടുംബം സഭയുടേയും സമൂഹത്തിന്റേയും ഏറ്റം അടിസ്ഥാനപ രവും നിസ്തുലവുമായ സ്ഥാപനമെന്ന നിലയിൽ സുവിശേഷ വേലയുടെ അവിഭാജ്യഘടകമായി എന്നും നിലകൊള്ളണം.
2. കുടുംബത്തിന്റെ സുവിശേഷം മറ്റെന്തിനേക്കാളും പ്രാധാന്യം നല്കി സഭ എന്നും പ്രഘോഷിക്കേണ്ടതാണ്.
3. കാലാകാലങ്ങളിൽ ഉരുത്തിരിയുന്ന വെല്ലുവിളികളും, പ്രശ്നങ്ങളും ആശങ്കകളും ആകുലതകളും കുടുബത്തിന്റെ നിലനില്പിനേയും ഭദ്രതയേയും സുസ്ഥിതിയേയും ബാധിക്കുന്നു.
4. സമൂഹത്തിന്റെ മൂല്യതകർച്ചയ്ക്കും വ്യക്തി സാഫല്യത്തിനും സമാധാനത്തിനും കുടുംബത്തിന്റെ തകർച്ച കാരണമാകുന്നു.
5. സമകാലീന സമൂഹം ഉണർത്തുന്ന നരവംശശാസ്ത്രപരവും സാമൂഹികവും വ്യതിരക്തവും അപഗ്രഥനപരവും, മനഃശാസ്ത്ര പരവും, വ്യക്തിഗതവാദത്തിധിഷ്ഠിതവും അമിത സ്വാതന്ത്ര്യേച്ഛ നിറഞ്ഞതുമായ വെല്ലുവിളികൾ കുടുംബത്തെ ബാധിക്കുമ്പോൾ തീർച്ചയായും സഭയും സമൂഹവും കുടുബങ്ങളും ക്രിയാത്മകമായ സംവാദത്തിലേർപ്പെടണം. എന്നാൽ ഈ സംവാദങ്ങൾ കുടുംബ മെന്ന സ്ഥാപനത്തിന്റെ ദൈവീകവും സനാതനവുമായ അടിസ്ഥാന തത്വങ്ങളും സൗന്ദര്യവും Compromise ചെയ്യുന്ന തരത്തിലാകരുത്.

കൊടുങ്കാറ്റടിക്കുമ്പോഴും തകരാത്ത രീതിയിൽ കുടുംബം പാറമേൽ ഉറപ്പിച്ച ഭവനമായി പണിതുയർത്തപ്പെടുക എന്നതാണ് സഭയുടെ ദൗത്യം.

6. അമിത വ്യക്തിസ്വാതന്ത്ര്യവാദത്തിന്റേയും നൈമിഷിക സുഖഭോഗാസക്തികളുടേയും ഫലമായി നിരാശയും സംതൃപ്തിയില്ലായ്മയും വിശ്വസ്തതകുറവും ഭയവും പല കുടുംബങ്ങളേയും വേട്ടയാടുന്നു.
7. നല്ലൊരു ശതമാനം കുടുംബപ്രശ്നങ്ങളുടേയും പിന്നിൽ മദ്യപാനാസക്തി മൂലകാരണമായി കാണപ്പെടുന്നു. പ്രത്യേകിച്ച് സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ.
8. സാമ്പത്തിക മാത്രമായ സാമൂഹിക സ്ഥാനകാഴ്ചപ്പാടുകൾ (Social Status) പല കുടുംബങ്ങളുടെയും കൂട്ടായ്മയും ദൈനംദിന ബന്ധങ്ങളും അസാദ്ധ്യമാക്കുന്നു. സമ്പാദ്യത്തിന്റെ പേരിൽ മാത്രം വിദൂരങ്ങളിൽ ഭാര്യയും ഭർത്താവും മക്കളും വേർപെട്ട് കഴിയാൻ നിർബന്ധിതരാക്കപ്പെടുന്നു. ഈ അകൽച്ച മറ്റു പല വെല്ലുവിളികൾക്കും ബന്ധനങ്ങൾക്കും കാരണമായിത്തീരുന്നു.
9. ബഹുഭാര്യത്വം ഇന്നത്തെ സമൂഹത്തിൽ പ്രത്യക്ഷമായി കൂടിവരുന്നതായി കാണുന്നില്ല. എന്നാൽ ദാമ്പത്യേതര രഹസ്യ ബന്ധങ്ങളും മതാന്തരവിവാഹങ്ങളും ഏറി വരുന്നതായി കാണുന്നു. ഇവ ക്രൈസ്തവ കുടുംബങ്ങളുടെ വിശ്വാസജീവിതത്തേയും മക്കളുടെ ക്രൈസ്തവ രൂപീകരണത്തേയും സാരമായി ബാധിക്കുന്നു.
10. വിവാഹമോചനങ്ങളുടെ എണ്ണം കൂടിവരുന്നു. വിവാഹമോചനം വളരെ ലളിതമാക്കുന്ന സിവിൽ നിയമങ്ങൾ പ്രത്യകം സ്വാധീനിക്കുന്നു.
11. വിവാഹത്തിന് മുമ്പും വിവാഹേതരബന്ധങ്ങളിലും ജനിക്കുന്ന കുട്ടികളിൽ അധികവും അനാഥരായി മാതൃപിതൃവാത്സല്യമില്ലാതെ വളരുന്നു എന്നതുതന്നെ കുടുംബത്തെ ബാധിക്കുന്ന വലിയ പ്രശ്നമാണ്.
12. നിയന്ത്രണമില്ലാത്ത അശ്ലീല ദൃശ്യശ്രാവ്യമാധ്യമങ്ങളുടെ പ്രവർത്തനം, ലൈംഗിക സദാചാരത്തിന്റെ സകല മൂല്യങ്ങളും ചോദ്യം ചെയ്യുകയും ലൈംഗികതയെ ദാമ്പത്യബന്ധത്തിന്റെ സ്നേഹദായകവും ജീവദായകവും പരസ്പര പൂരകത്തിലൂടെയുള്ള സാഫല്യവും ഉൾചേർന്നിരിക്കുന്ന മാനങ്ങളിൽനിന്നും വേർപ്പെടുത്തി വികാരപൂർത്തീകരണത്തിന്റെ ഉപകരണങ്ങളാക്കി അധഃപതിപ്പിച്ചിരിക്കുന്നു.





13. തുല്യനീതിയുടെ സംവാദങ്ങൾക്കപ്പുറം പൊതുവേ സ്ത്രീ ശിശു പീഢനങ്ങൾ വർദ്ധിച്ചു വരുന്നതായി കാണുന്നു.
14. മാതൃത്വത്തിന്റേയും പിതൃത്വത്തിന്റേയും മഹനീയവും ഉദാത്തവുമായ കാഴ്ചപ്പാടുകൾ, ജോലി, സമ്പാദ്യസുഗഭോഗ വ്യഗ്രതയിൽ പലപ്പോഴും അവമതിക്കപ്പെടുന്നു.
15. പാലക്കാടു രൂപതയെ സംബന്ധിച്ചിടത്തോളം കൂടിത്താമസങ്ങൾ ഒരു സാംസ്കാരിക വെല്ലുവിളിയായി ഇതുവരെ പരിഗണനയിൽ വന്നിട്ടില്ല.
16. സ്വവർഗ്ഗരതിയിലേക്കു ചാഞ്ഞിരിക്കുന്നവരുടെ വിവാഹം പോലെയുള്ള സംഘാത പ്രശ്നങ്ങൾ പ്രദേശികസഭ നേരിടുന്ന ഒരു വെല്ലുവിളിയായി പരിഗണിക്കപ്പെടുന്നില്ല. ആഗോളതലത്തിലുള്ള ഇത്തരം സംഘടനകളുടെ സ്വാധീനം നിയമ നിർമ്മാണത്തിലൂടെയും മറ്റും അംഗീകരിച്ചെടുക്കുവാൻ ശ്രമം നടക്കുന്നുണ്ട്.
17. കുടുംബങ്ങളുടെ സാമൂഹ്യസാമ്പത്തിക സംസ്ക്കാരത്തിൽ വന്ന മാറ്റത്തിന്റെ ഫലമായി ഒരുമിച്ചു താമസിക്കാനും, പ്രാർത്ഥിക്കാനും, ജീവിക്കാനും, സാക്ഷ്യം നൽകാനും ഭൂരിഭാഗം കുടുംബങ്ങൾക്കും പറ്റാത്ത പരിസ്ഥിതിയാണിന്നുള്ളത്. ഇത് കുടുംബത്തകർച്ചയുടെ ഒരു പ്രധാന കാരണമാണ്.
18. മക്കളുടെ എണ്ണത്തിൽ വന്നിട്ടുള്ള അഭൂതപൂർവ്വകമായ കുറവ് സ്വഭാവരൂപീകരണത്തിലും ശിക്ഷണത്തിലും സാമൂഹ്യരൂപീകരണത്തിലും സാരമായ നെഗറ്റീവ് സ്വാധീനം ചെലുത്തുന്നു. (മക്കൾ സ്വാർത്ഥരും, സുഖഭോഗാസക്തിയുള്ളവരും മാധ്യമസംസ്കാരത്തിന് അടിമകളും സാമൂഹിക പ്രതിബദ്ധതയില്ലാത്തവരുമായി വളരാനിടവരുന്നു).
19. ദൈവാശ്രയബോധത്തിൽ നിന്നും മനുഷ്യൻ അനുദിനം അകറ്റപ്പെടുകയും, സ്വാശ്രയബോധത്തിന്റെ അടിമയായിത്തീരുകയും ചെയ്യുന്നു. ദൈവത്തോടും സഭയോടും നിസ്സംഗതാമനോഭാവം ഏറിവരുന്നു. (മാധ്യമങ്ങളുടെയും തിന്മകളുടെയും സ്വാധീനം.)
20. വിവാഹപ്രായം അമിതമായി നീട്ടുന്നു; മക്കൾ പിന്നെ മതി എന്ന ചിന്ത ജീവനിലേക്കുള്ള ദാമ്പത്യസ്നേഹത്തിന്റെ തുറവിക്ക് കടിഞ്ഞാണിടുന്നു.

### ഭാഗം 2 : ചർച്ചയിലൂടെ ഉരുത്തിരിഞ്ഞ അജപാലനപരമായ സമഗ്രവീക്ഷണങ്ങൾ

1. മനുഷ്യർ ഒരുമിച്ച് വസിക്കുന്ന കുടുംബങ്ങളിൽ അവരെ അനുഗ്രഹിച്ച് ആശീർവദിച്ച് പരിപാലിച്ച് നയിക്കുന്ന ദൈവത്തിന്റെ സാന്നിദ്ധ്യാവബോധം എന്നും നിലനിൽക്കുകയും പ്രാർത്ഥനയിലൂടെ വളർത്തുകയും ചെയ്യണം.
2. ദമ്പതികൾ ക്രിസ്തുവിനെ നോക്കി യഥാർത്ഥ സ്നേഹം പഠിക്കണം. ക്രിസ്തുവിനെപ്പോലെ പരസ്പരം പങ്കുവയ്ക്കണം.
3. പരസ്പരബഹുമാനവും ആദരവും ദമ്പതികൾ തമ്മിലും മക്കളും മാതാപിതാക്കളും തമ്മിലും പ്രോത്സാഹിപ്പിക്കണം.
4 തെറ്റ് തെറ്റാണെന്നും തിരുത്തേണ്ടതാണെന്നുള്ള ബോധ്യവും, തെറ്റ് അംഗീകരിക്കാനുള്ള എളിമയും, പരസ്പരം പൊറുക്കാനും മറക്കാനും കുടുംബങ്ങളിൽ മാതൃകാപരമായി പരിശീലിപ്പിക്കപ്പെടണം.
5. മറ്റുള്ളവരെ മുൻവിധി കൂടാതെ അവരായിരിക്കുന്ന അവസ്ഥയിൽ മനസ്സിലാക്കുക.
6. മക്കളെ മനസ്സിലാക്കി കഴിവുകൾ കണ്ടെത്തി യാഥാർത്ഥ്യബോധത്തോടും വസ്തുനിഷ്ഠമായും വിലയിരുത്തി പരിശീലിപ്പിക്കുക. അമിത പ്രതീക്ഷയും നിർബന്ധബുദ്ധിയും ആകരുത്.
7. മക്കൾ ദൈവത്തിന്റെ ദാനമാണെന്നും, മാതാപിതാക്കളുടെ സ്നേഹത്തിന്റെ മാംസം ധരിച്ച രൂപങ്ങളാണെന്നും മനസ്സിലാക്കി കൂടുതൽ മക്കളുള്ള കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കുകയും ആവശ്യം അനുസരിച്ച് സഭ സഹഗമിക്കുകയും ചെയ്യുക.
8. ഭക്ഷണം, വസ്ത്രധാരണം, പെരുമാറ്റം എന്നിവയിൽ മിതത്വവും, മാന്യതയും, ശാലീനതയും പാലിക്കാൻ പരിശീലിപ്പിക്കണം.
9. മാധ്യമങ്ങളെ കുടുംബപ്രേക്ഷിതത്വത്തിനായി ക്രിയാത്മകമായി ഉപയോഗിക്കുക.
10. കുടുംബങ്ങൾ തമ്മിലും കുടുംബങ്ങളിലെ മക്കൾ തമ്മിലുമുള്ള ബന്ധങ്ങൾ പ്രോത്സാഹിപ്പിക്കുക. ഒത്തുകൂടാൻ കൂടുതൽ അവസരങ്ങൾ കണ്ടെത്തുക.
11. വിവാഹത്തിന്റെ കൗദാശികവശത്തെക്കുറിച്ചും ആത്മീയ ലക്ഷ്യത്തെക്കുറിച്ചു. കൂടുതൽ അവബോധം യുവതലമുറകൾക്ക് കാലികമായി പകർന്നുനൽകാൻ സഭയ്ക്ക് ആകണം. പലരും വിവാഹത്തെ ഒരു ഉടമ്പടിയുടെ വില കൽപ്പിക്കുന്നില്ല. നല്ല





കുടുംബങ്ങളെ സാക്ഷ്യവും സഹനത്തിലൂടെ ലഭിക്കുന്ന കൃപയെക്കുറിച്ചുള്ള ബോധ്യവും നൽകണം

12. മാതാപിതാക്കളുടെ അദ്ധ്വാനത്തിലൂടെ, സഹനത്തിലൂടെ ലഭിക്കുന്ന മക്കളുടെ നന്മ അവരുടെ പ്രയത്നങ്ങളിലൂടെ കൈമാറ്റം ചെയ്യപ്പെടണം
13. വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങൾക്കായി നിരന്തരം പ്രാർത്ഥിക്കണം. പ്രാർത്ഥനയുടെ ശക്തി സഭാതനയരെ ബോധ്യപ്പെടുത്തണം. മാസത്തിലൊരിക്കലെങ്കിലും പ്രാർത്ഥനാ മണിക്കൂറുകൾ സംഘടിപ്പിക്കണം.
14. ധൃതിപിടിച്ചുള്ള വിവാഹ ആലോചനകളും വിവാഹ ആശീർവാദങ്ങളും പ്രശ്നങ്ങൾക്ക് കാരണമാകുന്നു, പലപ്പോഴും വഞ്ചിക്കപ്പെടുന്നു.
15. ദമ്പതികൾക്ക് വ്യക്തിപരമായും കൂട്ടായും, സ്വകാര്യമായും സ്വതന്ത്രമായും സംസാരിക്കുന്നതിനും പ്രശ്നങ്ങൾ ചർച്ച ചെയ്യുവാനും പറ്റിയ ശ്രദ്ധിക്കൽ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
16. കുടുംബങ്ങളിലും വ്യക്തികളിലും വചനാഭിമുഖ്യം വളർത്തുക. സ്നേഹത്തിന്റെയും ജീവന്റെയും ശുശ്രൂഷയുടെയും മൂല്യങ്ങൾ കുഞ്ഞ് മനസ്സുകളിൽ കൂടുതൽ പ്രചരിപ്പിക്കുക.
17. സഭയുടെ അടിസ്ഥാന പ്രബോധനങ്ങൾക്കെതിരെ നിയമനിർമ്മാണങ്ങൾ നടക്കുമ്പോൾ ശക്തമായി പ്രതികരിക്കാനും സംവദിക്കാനും പറ്റിയ ടീമിനെ സുസജ്ജമാക്കണം.
18. അജപാലകരുടെ ഭവനസന്ദർശനങ്ങൾ, കുടുംബത്തോട് ചേർന്നുള്ള പ്രാർത്ഥനകൾ, കുടുംബകൂട്ടായ്മകൾ, ദമ്പതികൂട്ടായ്മകൾ എന്നിവ പ്രോത്സാഹിപ്പിക്കുക.
19. കരുണകാണിച്ചും അംഗീകരിച്ചും പ്രോത്സാഹിപ്പിച്ചും സഹഗമനം ചെയ്ത് തെറ്റ് തിരുത്തുക എന്നുള്ളത് ഏറ്റവും വലിയ ലക്ഷ്യമായി കാണണം.
20. യേശുവിനെപ്പോലെ സഭ എന്നും ദൈവരാജ്യത്തെക്കുറിച്ചും ലൗകീക ജീവിതത്തിന്റെ നശ്വരതയെക്കുറിച്ചും നിത്യജീവിതത്തെക്കുറിച്ചും ബോധ്യം നൽകണം. ഉദ്ബോധനം തുടർന്നുകൊണ്ടിരിക്കണം.
21. മദ്യപാനം, ലഹരിമരുന്നുകളുടെ ഉപയോഗം, അക്രമവാസന, വികലമായ ലൈംഗീകവൈകൃതങ്ങൾക്കടിമയായവർ എന്നിവരുടെ വിമോചനത്തിന് ഉതകുന്ന ചികിത്സാകേന്ദ്രങ്ങൾ സ്ഥാപിക്കുകയും കണ്ടെത്തി സുഖമാക്കുകയും ചെയ്യണം.

22. കുടുംബങ്ങൾക്ക് കുടുംബങ്ങളുമായി പരസ്പരം ശുശ്രൂഷിച്ചും, സ്നേഹിച്ചും, പങ്കുവെച്ചും സംവദിച്ചും വസിക്കാനുള്ള സാഹചര്യങ്ങൾ സംജാതമാക്കുക.
23. പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങളുമായി നിരന്തര ബന്ധം പുലർത്തി സഹഗമനം നടത്തുന്നതിന് വികാരിയുടെ നേതൃത്വത്തിൽ ഇടവകകളിൽ ടീം പ്രവർത്തിക്കുക. ടീമിൽ മാതൃകാപരമായ ജീവിതം നയിക്കുന്ന കുടുബങ്ങളും വ്യക്തികളും സന്ന്യസ്തരും ഉൾപ്പെടണം.
24. മാതൃകാപരമായ കുടുംബങ്ങളെ സാമ്പത്തിക സാമൂഹ്യ സാംസ്കാരിക ആന്തരീക തലങ്ങളിൽ കാര്യക്ഷമമായി സഹായിക്കുന്ന സംവിധാനങ്ങളുണ്ടാക്കുക.
25. വിവാഹകോടതികൾ കൂടാതെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സംവിധാനം ഇടവക, ഫൊറോന രൂപതാതലങ്ങളിൽ നെറ്റ്‌വർക്ക് ചെയ്ത് പ്രവർത്തനസജ്ജമാക്കുക.
26. മാതൃകാ കുടുബത്തിന്റെ സവിശേഷതകളടങ്ങുന്ന ലഘുലേഖകളും മറ്റും പരസ്യമാക്കുക. സെമിനാറുകൾ, ധ്യാനങ്ങൾ മുതലായവ സംഘടിപ്പിക്കുക .
27. വിവാഹ പ്രായമായവർക്കും, വിവാഹിതരായവർക്കും പ്രായഭേദമനുസരിച്ച് തുടർ പരിശീലനപരിപാടികൾ ആകർഷകമായി സംഘടിപ്പിക്കുക.
28. സഭയോടും പരസ്പരവും ഐക്യപ്പെടാനും അനുരഞ്ജനപ്പെടാനും സാധ്യമാകാതെ വേർപെട്ട് കഴിയുന്നവരുടെ കൂദാശ സ്വീകരണത്തെ സംബന്ധിച്ച് മൃദുസമീപനം പാടില്ല എന്നതാണ് പൊതു അഭിപ്രായം. വിഭജിത ഹൃദയത്തോടെ ബലിയർപ്പിക്കാനാവില്ല.
29. അനീതിപൂർവ്വം സഹിക്കുന്നവരോടൊപ്പം നിന്ന് നീതിക്കുവേണ്ടി പരിശ്രമിച്ചുകൊണ്ട് അനുരഞ്ജന ശ്രമങ്ങളും Restitutive Justice ചെയ്യുക.
30. അജപാലന സമീപനങ്ങളിൽ വ്യക്തമായ ലക്ഷ്യവും ബോധ്യവും വേണം. കർത്താവിന്റെ മനോഭാവം, കാരുണ്യം, സ്നേഹം പാവങ്ങളോടും പാപികളോടും പക്ഷം ചേരൽ ഇതെല്ലാം അവരെ വിമോചിതരാക്കാനും അനുരഞ്ജനത്തിലേക്ക് നയിക്കാനുമായിരിക്കും.

**ഫാ. അബ്രഹാം പാലത്തിങ്കൽ**
ജനറൽ സെക്രട്ടറി, രൂപതാ പാസ്റ്ററൽ കൗൺസിൽ





## കേരള കാത്തലിക് ബൈബിൾ സൊസൈറ്റി
## മാർ ജോർജ്ജ് പുന്നക്കോട്ടിൽ വചനസർഗ പ്രതിഭാ പുരസ്കരം

പേര് : **മാർ ജോർജ്ജ് പുന്നക്കോട്ടിൽ വചനസർഗപ്രതിഭാ പുരസ്കാരം**
ലക്ഷ്യം : ബൈബിൾ മേഖലയിലെ ക്രിയാത്മക സംഭാവനകൾ പ്രോത്സാഹിപ്പിക്കുക.
സ്വഭാവം : വർഷത്തിലൊരിക്കൽ 25,000 രൂപ ക്യാഷ് അവാർഡും പ്രശംസാഫലകവും ഒരാൾക്ക് അഥവാ ഒരു സംരംഭത്തിന് അഥവാ ഒരു പ്രസ്ഥാനത്തിന്.
സംസ്ഥാപനം : മാർ ജോർജ്ജ് പുന്നക്കോട്ടിൽ പിതാവിന്റെ ബഹുമാനാർത്ഥം കേരള കാത്തലിക് ബൈബിൾ സൊസൈറ്റി സ്ഥാപിക്കുന്ന വചനസർഗപ്രതിഭാ പുരസ്കാരത്തിനുള്ള എൻഡോവ്മെന്റു തുകയായ മൂന്ന് ലക്ഷം രൂപ കോതമംഗലം രൂപതാകാര്യാലയവും പുന്നക്കോട്ടിൽ കുടുംബാംഗങ്ങളും ചേർന്ന് സംഭാവന ചെയ്തിട്ടുള്ളതാണ്.

* അഞ്ചുവർഷത്തിനുള്ളിൽ പ്രകാശനം ചെയ്യപ്പെട്ട സൃഷ്ടികളാണു പുരസ്കാരത്തിനു പരിഗണിക്കുന്നത്.
* സമർപ്പിക്കുന്ന രചനകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടതാവണം. ഒറ്റപ്പെട്ട ലേഖനങ്ങളൊ മറ്റു സൃഷ്ടികളൊ അല്ല പരിഗണിക്കുന്നത്.

**പുരസ്കാരത്തിനു പരിഗണിക്കുന്ന മേഖലകൾ ആദ്യവർഷം മുതൽ ക്രമമായി:**

* **2015 : ബൈബിൾ സാഹിത്യം** (മലയാളത്തിൽ മാത്രം) നോവൽ, കഥ, കവിതാസമാഹാരം, നാടകം, വിശുദ്ധനാട് യാത്രാവിവരണം.
* **2016 : ബൈബിൾ വിജ്ഞാനീയം** (മലയാളത്തിൽ മാത്രം)
* **2017 : ബാലസാഹിത്യവും ബൈബിൾ ഗെയിംസും** (മലയാളത്തിൽ) കുട്ടികൾക്കായി ബൈബിൾ ആദാരമാക്കിയുള്ള പ്രബോധനാത്മകമായ കൃതികളും സാങ്കേതികേതര ബൈബിൾ കളികളും
* **2018 : ബൈബിൾ കലകൾ** സംഗീതം, നൃത്തം (രണ്ടും മലയാളത്തിൽ), പെയിന്റിംഗ്, ശില്പകല
* **2019 : സൈബർ / ഡിജിറ്റൽ :** സിനിമ, ഹ്രസ്വചിത്രങ്ങൾ, ഓഡിയോ വീഡിയോ ഗെയിംസ് ഉൾപ്പെടെയുള്ള സൃഷ്ടികൾ, വെബ്സൈറ്റ്, ബ്ലോഗ്, ആനിമേഷൻ, ആപ്ലിക്കേഷൻസ്

Address : Secretary, Kerala Cathiloc Bible Society
POC, P.B. No. 2251, Palarivattom, Kochi - 682025, Kerala, India
Tel : 0484 2805897, 2805722
E-mail : secretary@keralabiblesociety.com
Website : www.keralabiblesociety.com

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 1-May-15 | FRI | Rev. Fr. Kollannur Jaison |
| 2-May-15 | SAT | Rev. Fr. Kozhipadan Tony |
| 4-May-15 | MON | Rev. Fr. Kulampallil Thomas |
| 5-May-15 | TUE | Rev. Fr. Kulampil Abin |
| 6-May-15 | WED | Rev. Fr. Kulampil Jose |
| 7-May-15 | THU | Rev. Fr. Kummamkottil Biju |
| 8-May-15 | FRI | Rev. Fr. Kunthaniyil Varghese |
| 9-May-15 | SAT | Rev. Fr. Kuruthukulngara Peter |
| 11-May-15 | MON | Rev. Fr. Kuttikadan Aljo |
| 12-May-15 | TUE | Rev. Fr. Kuttipuzhakaran Sanil |
| 13-May-15 | WED | Rev. Fr. Malekudiyil Sherjo |
| 14-May-15 | THU | Rev. Fr. Maliekal George |
| 15-May-15 | FRI | Rev. Fr. Mangalan Sebastian |
| 16-May-15 | SAT | Rev. Fr. Maramattam Xavier |
| 18-May-15 | MON | Rev. Fr. Mavarayil Shijo |
| 19-May-15 | TUE | Rev. Fr. Mavunkal Jacob |
| 20-May-15 | WED | Rev. Fr. Murickananickal Santhosh |
| 21-May-15 | THU | Rev. Fr. Muringakudiyil Biju |
| 22-May-15 | FRI | Rev. Fr. Naduvathaniyil Shyju |
| 23-May-15 | SAT | Rev. Fr. Nalpathamkalam Sumesh |
| 25-May-15 | MON | Rev. Fr. Nedumpurath Antony |
| 26-May-15 | TUE | Rev. Fr. Njonginiyil Mathew |
| 27-May-15 | WED | Rev. Fr. Olakkengil Viani |
| 28-May-15 | THU | Rev. Fr. Ollukaran Vincent |
| 29-May-15 | FRI | Rev. Fr. Palathinkal Abraham |
| 30-May-15 | SAT | Rev. Fr. Pallineerakkal Jaimon |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**





## വിശ്വാസപരിശീലനവേദി

Email: catechismpalghat@gmail.com, Website: www.catechismpalghat.org

**റീ. എക്സാമിനേഷൻ**

II HDC ക്ലാസ്സുകളിലെ പരീക്ഷാ എഴുതാത്തവർക്കും തോറ്റവർക്കുമായി ഉള്ള റീ എക്സാമിനേഷൻ **ഏപ്രിൽ 12-ാം തിയ്യതി ഞായറാഴ്ച** അതാതു സെന്ററുകളിൽ വെച്ച് നടക്കുന്നതായിരിക്കും. ഏപ്രിൽ 13-ാം തിയ്യതി തിങ്കളാഴ്ച തന്നെ ഉത്തരകടലാസുകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

10-ാം ക്ലാസ്സിന്റെ റീ എക്സാം മെയ് 3-ാം തീയതി നടത്തപ്പെടുന്നു. മെയ് 4-ാം തീയതി തിങ്കളാഴ്ച്ച തന്നെ ഉത്തരക്കടലാസുകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. അതത് ഫൊറോനകളുടെ വിഷൻ ക്യാമ്പ് സമാപിക്കുമ്പോൾ റിസൾട്ട് നൽകുന്നതാണ്. റീ എക്സാമിനേഷന്റെ ചോദ്യപേപ്പർ ആവശ്യമുള്ളവർ ഏപ്രിൽ 28-ാം തീയതിക്ക് മുമ്പായി മതബോധനകേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

**സ്കോളർഷിപ്പ് പരീക്ഷ**

IV, VII, X സൺഡേസ്കൂൾ ക്ലാസുകളിൽ നിന്ന് സ്കോളർഷിപ്പിന് തിരഞ്ഞെടുക്കപ്പെട്ടവരുടെ പരീക്ഷ **ഏപ്രിൽ 11-ാം തിയ്യതി ശനിയാഴ്ചയാണ്.** ഫൊറോന വിശ്വാസ പരീശീലന ഡയറക്ടറുടെ നേതൃത്വത്തിലായിരിക്കും പരീക്ഷ നടത്തുന്നത്. സമയം രാവിലെ 10 മുതൽ 12.30 വരെ.

**പഠനഭാഗം**

**ക്ലാസ്സ് VII, X** : പാഠപുസ്തകം, ഉപപാഠം - 65 മാർക്ക്, ബൈബിൾ - 25 മാർക്ക് (ലേവ്യർ 15-27, ലൂക്കാ 13-24 അദ്ധ്യായങ്ങൾ), സഭാസംബന്ധമായ പൊതുവിജ്ഞാനം (വിശ്വാസപരിശീലനത്തിനൊരു വഴിക്കാട്ടി) - 10 മാർക്ക്.

**ക്ലാസ്സ് IV** : പാഠപുസ്തകം, നമസ്ക്കാരം - 65 മാർക്ക്, പാഠപുസ്തകത്തിലെ ബൈബിൾ ഭാഗം - 25 മാർക്ക്, സഭാസംബന്ധമായ
പൊതുവിജ്ഞാനം - 10 മാർക്ക്

ഉത്തരക്കടലാസുകൾ ഏപ്രിൽ 13 ന് മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**സ്കോളർഷിപ്പ് പരീക്ഷാകേന്ദ്രങ്ങൾ**

| | |
|---|---|
| കാഞ്ഞിരപ്പുഴ ഫൊറോന | ഫൊറോനപാരിഷ്ഹാൾ |
| മംഗലം ഡാം ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| മണ്ണാർക്കാട് ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| മേലാർക്കോട് ഫൊറോന | ചിറ്റിലഞ്ചേരി പാരിഷ്ഹാൾ |

| | |
|---|---|
| ഒലവക്കോട് ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| ഒറ്റപ്പാലം ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| പാലക്കാട് ഫൊറോന | കത്തീഡ്രൽ സ്കൂൾ |
| പൊന്നംകോട് ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| തത്തമംഗലം ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| താവളം ഫൊറോന | കൂക്കംപാളയം സ്കൂൾ |
| വടക്കഞ്ചേരി ഫൊറോന | ചെറുപുഷ്പം സ്കൂൾ |

**മൂല്യനിർണ്ണയം**

സ്കോളർഷിപ്പ് പരീക്ഷയുടെ മൂല്യനിർണ്ണയം ഏപ്രിൽ 26 -ാംതിയ്യതി ഞായറാഴ്ച 10.00 am മുതൽ 4.00 pm വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നതാണ്. അറിയിപ്പ് ലഭിക്കുന്ന എല്ലാ അധ്യാപകരും മൂല്യനിർണ്ണയ ക്യാമ്പിൽ സംബന്ധിക്കേണ്ടതാണ്. ടീച്ചേഴ്സ് പഠിപ്പിക്കുന്ന പുസ്തകവും കൂടെ കൊണ്ടുവരേണ്ടതാണ്.

**SMCC പ്രതിഭാസംഗമം (ഏഴാം ക്ലാസ്)**

ഏഴാം ക്ലാസിൽ ഈ വർഷം സ്കോളർഷിപ്പിൽ ഉന്നത മാർക്ക് നേടിയ രണ്ട് ആൺകുട്ടികൾക്കും രണ്ട് പെൺകുട്ടികൾക്കും സഭാതലത്തിലെ പ്രതിഭാസംഗമത്തിന് പോകുവാനുള്ള അവസരം ഉണ്ട്. ആയതിനാൽ എല്ലാ കുട്ടികളും നന്നായി പഠിച്ചൊരുങ്ങി പരീക്ഷ എഴുതുവാൻ ശ്രദ്ധിക്കുമല്ലോ.

**വിഷൻക്യാമ്പ്**

പത്താം ക്ലാസ്സിൽ ഈ വർഷം പരീക്ഷ എഴുതിയ കുട്ടികൾക്കായി **പാസ്റ്ററൽ സെന്ററിൽ** വച്ച് രണ്ട് ദിവസത്തെ ജീവിതദർശന ക്യാമ്പ് മതബോധനകേന്ദ്രം സംഘടിപ്പിക്കുന്നു. പത്താം ക്ലാസ്സിൽ പരീക്ഷ എഴുതിയ എല്ലാ കുട്ടികളെയും ക്യാമ്പിൽ പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാരും മതാദ്ധ്യാപകരും പരിശ്രമിക്കുമല്ലോ.

ക്യാമ്പുകൾ നടക്കുന്ന തിയ്യതി ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഏപ്രിൽ 6,7 | ഒറ്റപ്പാലം ഫൊറോന |
| ഏപ്രിൽ 8,9 | താവളം ഫൊറോന(സ്ഥലം: താവളം പാരിഷ് ഹാൾ) |
| ഏപ്രിൽ 10,11 | മംഗലം ഡാം ഫൊറോന |
| ഏപ്രിൽ 13,14 | പൊന്നംകോട് ഫൊറോന |
| ഏപ്രിൽ 16,17 | മണ്ണാർക്കാട് ഫൊറോന |
| ഏപ്രിൽ 20,21 | ഒലവക്കോട്, മേലാർക്കോട് ഫൊറോനകൾ |
| ഏപ്രിൽ 23,24 | കാഞ്ഞിരപ്പുഴ, തത്തമംഗലം ഫൊറോന |

ആദ്യദിവസം രാവിലെ 9.30ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച് രണ്ടാം ദിവസം ഉച്ചകഴിഞ്ഞ് 4.00 മണിക്ക് ക്യാമ്പ് അവസാനിക്കുന്നു. ക്യാമ്പിൽ





പങ്കെടുക്കുന്ന ഒരാൾക്ക് **200 രൂപയാണ് രജി. ഫീസ്.**

**രൂപതാ മതബോധന കൗൺസിൽ**

രൂപതാ മതബോധന കൗൺസിൽ മീറ്റിംഗ് ഏപ്രിൽ 25-ാം തിയ്യതി ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽവെച്ച് നടക്കുന്നു. രാവിലെ 10 മണി മുതൽ ഉച്ചക്ക് 1 മണിവരെയാണ് മീറ്റിംഗ്. കൗൺസിൽ അംഗങ്ങളെല്ലാവരും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

**ഫൊറോന കൗൺസിൽ**

| ഫൊറോന | തിയ്യതി | സമയം |
|---|---|---|
| താവളം | 09.04.2015 വ്യാഴം | 2.00 – 4.00 |
| മണ്ണാർക്കാട് | 11.04.2015 ശനി | 10.00 – 12.00 |
| ഒറ്റപ്പാലം | 11.04.2015 ശനി | 2.00 – 4.00 |
| മേലാർക്കോട് | 15.04.2015 ബുധൻ | 10.00 – 12.00 |
| തത്തമംഗലം | 15.04.2015 ബുധൻ | 2.30 – 4.00 |

**Scholastic Test - Diocesan Rank Holder**

I Shancy George , Kandamangalam

II Ancy Joe , Kalladikode

III Ancy Siby, Kanjirapuzha Dam &

III Celine Sebastian, Chittilanchery

**Forane Level First Prizes**

| | | |
|---|---|---|
| Kanjirapuzha Forane | - | Sr. Kochurani SMS |
| Mangalam Dam Forane | - | Laila Sunny, Ponkandam |
| Mannarkkad Forane | - | Sr. Shandy OSF, Pullissery |
| Melarkode Forane | - | Sheeba Baby, Pothundy |
| Olavakode Forane | - | Annamma Biju, Pulapatta |
| Ottappalam Forane | - | Ancy Jose, Kadambazhipuram |
| Palakkad Forane | - | Princy Babu, Cathedral |
| Ponnamkode Forane | - | Rejeena Denny, Karimba |
| Thathamangalam Forane | - | Sheeja Jimmy, Chittur PKD |
| Thavalam Forane | - | Sr. Carmel CMC, Thavalam |
| Vadakkenchery Forane | - | Mary Mathew Valkulambu |

**സ്കൊളാസ്റ്റിക് ടെസ്റ്റിന്റെ ഉത്തരങ്ങൾ**

1. വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലാകുമ്പോൾ
2. റീത്ത്
3. വി.ഡൊമിനിക്
4.

5. സെബുലൂൺ
6. വി. മത്തായി
7. കല്ലറിയപ്പെട്ട്
8. വി. ഗീവർഗ്ഗീസ്
9. വി. അപ്രേം
10. പതിനൊന്നാം പീയൂസ് പാപ്പ
11. 14-ാം സങ്കീർത്തനം
12. വി. തോമസ് അക്വിനാസ്
13. വി.തോമസ് അക്വിനാസ്
14. ലെയോ 13 -ാമൻ
15. അമലോത്ഭവ നഗരം
16. വി. തോമസ് മൂർ
17. വി. ഇഗ്നേഷ്യസ് ലയോളയുടെ
18. ഒന്നുകിൽ സഹിക്കുക അല്ലെങ്കിൽ മരിക്കുക
19. വി. കൊച്ചു ത്രേസ്യ
20. അസുന്താ (മരിയ ഗൊരേത്തിയുടെ അമ്മ)
21. വി. ഡോൺ ബോസ്ക്കോ
22. വി. ചാൾസ് ബൊറോമിയോ
23. മദർ തെരേസ
24. ദൈവമാതാവിനോട്
25. റോക്കോസ് ശീശ്മ
26. കുടുംബങ്ങളുടെ സമഗ്രസമുദ്ധാരണം
27. വി. അൽഫോൻസാമ്മ
28. വി. അംബ്രോസ്
29. വി. ഫിലിപ്പുനേരി
30. വി. ജറോം എമിലിയൻ
31. വി. ആഗ്നസ് ഓഫ് റോം
32. വി. ജോയിസ് ദ ഗ്രെയ്റ്റ്
33. വി. യൗസേപ്പ്
34. ആഗസ്റ്റ് 13
35. ഈശോ സഭ
36. വി. മാക്സിമില്യൻ കൊൾബേ
37. പീയൂസ് പതിനൊന്നാമൻ
38. ഫാ. ജോസഫ് കഫാസ്സോ
39. ജിയോവാനി
40. അവുറേലിയസ് അഗസ്റ്റ്യൻ
41. കൃഷിക്കാരനോട്





42. സിനഗോഗിൽവച്ച്
43. ജനക്കൂട്ടം
44. ജറുസലെമിലേക്ക്
45. ചില ഫരിസേയർ
46. ഫരിസേയപ്രമാണികളിൽ ഒരുവന്റെ
47. നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ
48. അവനോടുകൂടെ ഭക്ഷണത്തിനിരുന്നവരിൽ ഒരുവൻ
49. ചുങ്കക്കാരും പാപികളും
50. ധൂർത്തപുത്രന്റെ പിതാവിന്റെ
51. യജമാനൻ
52. പണക്കൊതിയരായ ഫരിസേയരെക്കുറിച്ച്
53. യോഹന്നാൻ വരെ
54. ദൈവദൂതന്മാർ
55. പിതൃഭവനത്തിലേക്ക്
56. അറുപത് സ്താതിയോൺ
57. അവനെ ശാസിക്കണം
58. അപ്പസ്തോലന്മാർ
59. സമരിയാക്കാരൻ
60. ഫരിസേയർ
61. ഉന്നതത്തിൽ നിന്ന് ശക്തി ധരിക്കുന്നതുവരെ
62. സോദോമിൽ നിന്ന്
63. ന്യായാധിപനും വിധയും
64. ചുങ്കക്കാരൻ
65. പത്രോസ്
66. കുരുടൻ
67. ജെറീക്കോ
68. ശത്രുക്കളായി
69. ഒലിവുമലക്കരികെ
70. ജറുസലെം
71. നിയമജ്ഞരും പ്രധാനപുരോഹിതന്മാരും
72. സദുക്കായർ
73. ദൈവദൂതന്മാർക്ക്
74. നിയമജ്ഞരെ
75. പീഡനത്തിൽ
76. യേശുവിന്റെ വാക്കുകൾ
77. ഒലിവുമലയിൽ
78. പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുന്നാൾ

79. പത്രോസിനോട്
80. പ്രധാനാചാര്യന്റെ വീട്ടിലേക്ക്
81. ദൗത്യനിർവ്വഹണം
82. ജെ.ആർ. ലോവൽ
83. ഒടുവിലത്തെ അത്താഴം
84. പ്രഭാഷണ കല
85. ഉപമകളിലൂടെയല്ലാതെ അവൻ ഒന്നും അവരോട് പറഞ്ഞില്ല.
86. മതാദ്ധ്യാപകൻ
87. പത്രോസിന്റെ വിശ്വാസപ്രഖ്യാപനം
88. പത്രോസ്
89. പഠനപ്രവർത്തനങ്ങൾ
90. മദർ തെരേസ
91. ആറാം പൗലോസ് മാർപാപ്പ
92. ഒന്നിച്ചുചേരൽ
93. വാ. റൊളാൻഡൊ മരിയ റിവി
94. പരിശുദ്ധ ത്രിത്വം.
95. പവിത്രീകരിക്കുന്ന ആത്മാവ്
96. 20
97. രഹസ്യങ്ങൾ
98. സെപ്റ്റംബർ 28
99. അപ്പം മുറിക്കൽ
100. അനാമ്നെസിസ്,

**പ്രധാന അദ്ധ്യാപകരുടെ ശ്രദ്ധയ്ക്ക്**

എല്ലാ പള്ളിയിലേയും പ്രധാന അദ്ധ്യാപകർ അതാത് പള്ളിയിലെ മതാദ്ധ്യാപകരുടെ പേര്, രജിസ്ട്രർ നമ്പർ മറ്റു അനുബന്ധകാര്യങ്ങൾ തുടങ്ങിയവ ടീച്ചേഴ്സ് സർവ്വീസ് ഡാറ്റാ രജിസ്ട്രറിൽ ഉൾപ്പെടുത്തി നിരന്തരം അപ്ഡേറ്റ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

**വെബ്ബ് എൻട്രി :** തങ്ങളുടെ യൂണിറ്റിലെ എല്ലാ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഡാറ്റാ കളക്ട് ചെയ്ത് കാറ്റകിസം വെബ്ബ്സൈറ്റിൽ ചേർക്കേണ്ടതായിട്ടുണ്ട്. ചില ഇടവകകളിൽ ഇക്കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും എല്ലായിടത്തും ഇക്കാര്യങ്ങൾ ക്രമീകരിക്കപ്പെട്ടിട്ടില്ല. ആയതിനാൽഇതിനുവേണ്ടി പ്രധാനാദ്ധ്യാപകർ ഇടവകയിലെ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ആരെയെങ്കിലും നിയോഗിച്ച് കാര്യങ്ങൾ അപ്ഡേറ്റ് ചെയ്ത് വിശ്വാസപരിശീലനം സുഗമമാക്കാൻ ശ്രദ്ധിക്കുമല്ലോ. ഈ കാര്യം ചെയ്യുന്നയാളുടെ ഫോൺ നമ്പർ കാറ്റകിസം ഓഫീസിൽ അറിയിക്കാൻ ശ്രദ്ധിക്കണം. NB: ഫോൺ വഴിയുള്ള റജിസ്ട്രേഷൻ സ്വീകരിക്കുന്നതല്ല.





**II HDC പരീക്ഷാഫലം 2014-2015**

| ഇടവക | പരീക്ഷ എഴുതിയവർ | പാസ്സായവർ | ഡിസ്റ്റിംഗ്ഷൻ | ഫസ്റ്റ് ക്ലാസ് | ശതമാനം |
|---|---|---|---|---|---|
| **കാഞ്ഞിരപ്പുഴ ഫൊറോന** | | | | | |
| കാഞ്ഞിരപ്പുഴ | 18 | 17 | 3 | 6 | 94.4 |
| ചീനിക്കപ്പാറ | 6 | 6 | 2 | 2 | 100 |
| ഇരുമ്പകച്ചോല | 19 | 19 | 3 | 13 | 100 |
| കാഞ്ഞിരപ്പുഴ ഡാം | 7 | 7 | 3 | 4 | 100 |
| പാലക്കയം | 16 | 16 | 6 | 10 | 100 |
| പൂഞ്ചോല | 11 | 11 | 1 | 7 | 100 |
| വഴിക്കടവ് | 3 | 3 | - | 2 | 100 |
| **മംഗലംഡാം ഫൊറോന** | | | | | |
| മംഗലംഡാം | 25 | 24 | 5 | 16 | 96 |
| ബാലേശ്വരം | 4 | 4 | - | 4 | 100 |
| മരിയനഗർ ചിറ്റടി | 3 | 3 | - | 3 | 100 |
| മേരിലാന്റ് ചിറ്റടി | 2 | 2 | - | 2 | 100 |
| ഇളവംപാടം | 14 | 14 | 1 | 8 | 100 |
| കടപ്പാറ | 5 | 5 | - | 3 | 100 |
| മാങ്കൂറിശ്ശി | 7 | 7 | - | 4 | 100 |
| നീതിപുരം | 3 | 3 | - | 1 | 100 |
| ഒലിപ്പാറ | 11 | 11 | 2 | 3 | 100 |
| പൊൻകണ്ടം | 9 | 9 | 1 | 4 | 100 |
| **മണ്ണാർക്കാട് ഫൊറോന** | | | | | |
| മണ്ണാർക്കാട് | 20 | 19 | 5 | 8 | 95 |
| അലനല്ലൂർ | 4 | 4 | 3 | 1 | 100 |
| കണ്ടമംഗലം | 4 | 4 | 1 | 3 | 100 |
| കാരാപ്പാടം | 11 | 11 | 1 | 7 | 100 |
| മെഴുകുംപാറ | 2 | 2 | - | 2 | 100 |
| ശ്രീകൃഷ്ണപുരം | 4 | 4 | 2 | 1 | 100 |
| തിരുവിഴാംകുന്ന് | 1 | 1 | - | 1 | 100 |
| **മേലാർക്കോട്ഫൊറോന** | | | | | |
| മേലാർക്കോട് | 4 | 4 | 2 | 1 | 100 |
| ആലത്തൂർ | 1 | 1 | - | 0 | 100 |
| ചിറ്റിലഞ്ചേരി | 2 | 2 | - | 2 | 100 |
| നെന്മാറ | 7 | 7 | 2 | 5 | 100 |
| പോത്തുണ്ടി | 6 | 6 | - | 2 | 100 |
| **ഒലവക്കോട്ഫൊറോന** | | | | | |
| ഒലവക്കോട് | 10 | 9 | - | 3 | 90 |

| | | | | | |
|---|---|---|---|---|---|
| അകമലവാരം | 2 | 2 | – | 2 | 100 |
| ആനക്കൽ | 4 | 4 | – | 1 | 100 |
| ധോണി | 3 | 3 | – | 3 | 100 |
| സെന്റ് ജൂഡ് മലമ്പുഴ | 11 | 11 | 1 | 5 | 100 |
| മൈലംപുള്ളി | 13 | 13 | – | 3 | 100 |
| മുണ്ടൂർ | 6 | 6 | – | 1 | 100 |
| പുലാപ്പറ്റ | 9 | 9 | 1 | 4 | 100 |
| **ഒറ്റപ്പാലം ഫൊറോന** | | | | | |
| ഒറ്റപ്പാലം | 7 | 6 | – | 4 | 85.7 |
| ആലങ്ങാട് | 5 | 4 | – | 3 | 80 |
| കടമ്പഴിപ്പുറം | 5 | 5 | – | 3 | 100 |
| കടമ്പൂർ | 4 | 4 | 1 | 2 | 100 |
| കേരളശ്ശേരി | 4 | 4 | – | 4 | 100 |
| കോങ്ങാട് | 5 | 5 | 1 | 3 | 100 |
| കൂനത്തറ | 7 | 7 | 1 | 3 | 100 |
| കുളക്കാട്ടുക്കുറുശ്ശി | 8 | 8 | – | 3 | 100 |
| പാലപ്പുറം | 3 | 3 | 1 | 1 | 100 |
| പട്ടാമ്പി | 5 | 5 | – | 3 | 100 |
| ഷൊർണൂർ | 7 | 4 | – | 1 | 52.1 |
| ഗണേഷഗിരി | 3 | – | – | – | – |
| **പാലക്കാട് ഫൊറോന** | | | | | |
| കത്തീഡ്രൽ | 31 | 30 | 2 | 19 | 96.7 |
| ചന്ദ്രനഗർ | 9 | 8 | – | 4 | 88.8 |
| കല്ലേപ്പുള്ളി | 5 | 5 | 2 | 2 | 100 |
| കഞ്ചിക്കോട് | 14 | 13 | 2 | 4 | 92.8 |
| കൊടുന്തിരപ്പുള്ളി | 3 | 3 | – | – | 100 |
| കോട്ടായി | 1 | 1 | – | – | 100 |
| ടൗൺചർച്ച് | 14 | 14 | – | 5 | 100 |
| വാളയാർ | 1 | 1 | – | 1 | 100 |
| യാക്കര | 7 | 6 | – | 2 | 85.7 |
| കല്ലേപ്പുള്ളി സെമിനാരി | 15 | 15 | 5 | 9 | 100 |
| **പൊന്നങ്കോട് ഫൊറോന** | | | | | |
| പൊന്നംങ്കോട് | 26 | 23 | – | 15 | 88.46 |
| അരപ്പാറ | 9 | 9 | – | 5 | 100 |
| ചുള്ളിയാംകുളം | 4 | 4 | – | 2 | 100 |
| കല്ലടിക്കോട് | 10 | 10 | 3 | 5 | 100 |
| കാരാക്കുറിശ്ശി | 12 | 10 | 1 | 6 | 83.3 |
| കരിമ്പ | 15 | 15 | 2 | 4 | 100 |





| | | | | | |
|---|---|---|---|---|---|
| നിരവ് | 2 | 2 | – | 2 | 100 |
| പൊമ്പ്ര | 5 | 5 | 2 | 3 | 100 |
| **തത്തമംഗലം ഫൊറോന** | | | | | |
| തത്തമംഗലം | 7 | 7 | 1 | 4 | 100 |
| ചിറ്റൂർ, പാലക്കാട് | 9 | 9 | – | 6 | 100 |
| കൊല്ലങ്കോട് | 3 | 3 | 1 | 2 | 100 |
| കൊഴിഞ്ഞാമ്പാറ | 6 | 6 | – | 2 | 100 |
| മൂച്ചംകുണ്ട് | 1 | 1 | – | 1 | 100 |
| **താവളം ഫൊറോന** | | | | | |
| താവളം | 8 | 8 | 1 | 6 | 100 |
| അഗളി | 15 | 15 | 2 | 9 | 100 |
| ചിറ്റൂർ | 6 | 6 | – | 5 | 100 |
| ജെല്ലിപ്പാറ | 16 | 16 | – | 8 | 16 |
| കാരറ | 4 | 4 | – | 2 | 100 |
| കോട്ടത്തറ | 12 | 12 | 3 | 8 | 100 |
| കുറവമ്പാടി | 4 | 4 | – | 2 | 100 |
| പുലിയറ | 2 | 2 | – | 2 | 100 |
| ഷോളയൂർ | 4 | 4 | – | 1 | 100 |
| ത്രിത്വമല | 9 | 8 | – | 2 | 100 |
| വയലൂർ | 4 | 4 | – | 2 | 100 |
| **വടക്കഞ്ചേരി ഫൊറോന** | | | | | |
| വടക്കഞ്ചേരി | 21 | 21 | 1 | 12 | 100 |
| ആരോഗ്യപുരം | 11 | 11 | 1 | 3 | 100 |
| കണ്ണമ്പ്ര | 5 | 5 | 1 | 3 | 100 |
| പാലക്കുഴി | 15 | 15 | 3 | 11 | 100 |
| പനംക്കുറ്റി | 2 | 2 | 2 | – | 100 |
| പന്തലാംപാടം | 9 | 9 | 1 | 3 | 100 |
| രാജഗിരി | 17 | 16 | 3 | 5 | 100 |
| വചനഗിരി | 3 | 3 | 3 | – | 100 |
| വാൽക്കുളമ്പ് | 4 | 4 | – | 3 | 100 |
| **സേലം** | | | | | |
| സേലം | 3 | 3 | – | 2 | 100 |

| | |
|---|---|
| പരീക്ഷ എഴുതിയവർ | 733 |
| പാസായവർ | 710 |
| തോറ്റവർ | 23 |
| ഡിസ്റ്റിംഗ്ഷൻ | 88 |
| ഫസ്റ്റ് ക്ലാസ് | 366 |

**പ്രാർത്ഥനാശംസകൾ**

മാർച്ച് 28-ാം തിയ്യതി 3.00 മണിക്ക് വൈദികവസ്ത്രം സ്വീകരിച്ച ബ്രദർ ജോസഫ് അറയ്ക്കലിന് പ്രത്യേകം അഭിനന്ദനങ്ങളും പ്രാർത്ഥനകളും

## റെഗുലർ സ്കൂൾ വിശ്വാസ - ധാർമ്മിക പരിശീലന വാർത്തകൾ

**റെഗുലർ സ്കൂൾ സംയുക്തമീറ്റിംഗ്**

റെഗുലർ സ്കൂൾ കൗൺസിൽ മെമ്പർമാരുടെയും പ്രധാന അധ്യാപകരുടെയും സംയുക്തമീറ്റിംഗ് ഏപ്രിൽ 25-ാം തിയ്യതി ശനിയാഴ്ച 2 pm മുതൽ 4 pm വരെ പാസ്റ്ററൽ സെന്ററിൽവെച്ച് നടക്കുന്നു. കഴിഞ്ഞ അധ്യയന വർഷത്തെ വിലയിരുത്തുന്നതിനോടൊപ്പം പുതിയ കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കുകയെന്നതും കൗൺസിലിന്റെ ലക്ഷ്യമാണ്.എല്ലാ പ്രധാന അധ്യാപകരും പ്രസ്തുത മീറ്റിംഗിൽ സംബന്ധിക്കേണ്ടതാണ്.

**സ്കൂൾ കാറ്റിക്കിസം സന്മാർഗശാസ്ത്രം സ്കോളർഷിപ്പ്**

IV, VII, X, XII ക്ലാസുകളിൽ നിന്നും ഏറ്റവും കൂടുതൽ മാർക്കുള്ള(കുറഞ്ഞത് 70% മാർക്ക്) മൂന്ന് കുട്ടികൾക്ക് സ്കോളർഷിപ്പിനായി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. മാർച്ച് 3-ാം തിയ്യതിക്ക് മുൻപായി മതബോധന കേന്ദ്രത്തിൽ സ്ക്കൂളിന്റെ ലെറ്റർപാഡിൽ എഴുതി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. സ്കോളർഷിപ്പ് പരീക്ഷ ഏപ്രിൽ 1-ാം തിയ്യതി ബുധനാഴ്ച 10.00 മണി മുതൽ 12.00 മണി വരെ മേഖല സെന്ററുകളിൽ വെച്ച് നടത്തപ്പെടുന്നു. സ്കോളർഷിപ്പു പരീക്ഷയുടെ ഉത്തരക്കടലാസുകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന ദിവസം ഏപ്രിൽ 2-ാം തിയ്യതി വ്യാഴാഴ്ചയാണ്.

**പരീക്ഷാകേന്ദ്രങ്ങൾ**

| | |
|---|---|
| പാലക്കാട് മേഖല | കാണിക്കമാതാ സ്കൂൾ |
| മണ്ണാർക്കാട് മേഖല | ഹോളിഫാമിലി സ്കൂൾ പൊന്നംകോട് |
| വടക്കഞ്ചേരി മേഖല | ചെറുപുഷ്പം സ്കൂൾ വടക്കഞ്ചേരി |
| താവളം മേഖല | സെന്റ് പീറ്റേഴ്സ് സ്ക്കൂൾ കൂക്കംപാളയം. |

**സ്കോളർഷിപ്പ് പരീക്ഷയുടെ കേന്ദ്രീകൃതമൂല്യ നിർണ്ണയം**

ഏപ്രിൽ 10-ാം തിയ്യതി വെള്ളിയാഴ്ച രാവിലെ 10.00 മുതൽ 4.00 വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നു. ടീച്ചേഴ്സ് പഠിപ്പിക്കുന്ന പുസ്തകവും കൊണ്ടുവരേണ്ടതാണ്. മൂല്യനിർണ്ണയത്തിന് അതതു ക്ലാസുകളിലെ അദ്ധ്യാപകർ സഹകരിക്കേണ്ടതാണ്.

NB : Regular School പ്രവർത്തന റിപ്പോർട്ട് തരാത്തവർ പെട്ടെന്ന് ഇവിടെ എത്തിക്കണം.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ





## സ്റ്റാർസ്

Blogspot: starspalghat.blogspot.in

**ഇന്റൻസീവ് കോഴ്സുകൾ**

ഏപ്രിൽ, മെയ് മാസങ്ങളിലായി മൂന്നു ബാച്ചുകാർക്കും അവധിക്കാല ഇന്റൻസീവ് കോഴ്സുകൾ നടത്തപ്പെടുന്നു. ഓരോ ബാച്ചിനുമുള്ള തിയ്യതികൾ താഴെ ചേർക്കുന്നു.

| | |
|---|---|
| First Batch (Seniors) | : April 13 - 18 |
| | April 20 - 25 |
| Second Batch | : April 13 - 18 |
| | April 20 - 25 |
| | April 27 - May 02 |
| Third Batch (Juniors) | : April 27 - May 02 |
| | May 04 - 09 |

കൂടുതൽ വിവരങ്ങൾക്കും ഫോട്ടോസിനുമായി www.starspalghat.blogspot.in സന്ദർശിക്കുക.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ

## ബൈബിൾ അപ്പോസ്തലേറ്റ്

Blogspot: bibleapostolatepalghat.blogspot.in

**ലോഗോസ് ക്വിസ് 2015**

വരുന്ന വർഷത്തെ രൂപതാതല ലോഗോസ്ക്വിസ് സെപ്തംബർ 27, 2 മണി മുതൽ 3.30 വരെയും സംസ്ഥാനതല ലോഗോസ്ക്വിസ് നവംബർ 28, 29 തിയ്യതികളിലുമായിരിക്കും.

**പഠന ഭാഗം**

1. സംഖ്യ 1 - 10
2. സുഭാഷിതങ്ങൾ 1 - 9
3. യോഹന്നാൻ 1 - 12
4. യൂദാസിന്റെ ലേഖനം

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്തോലേറ്റ്

# അൾത്താരസംഘം

Blogspot: abapalghat.blogspot.in

**പ്രിയ അൾത്താരസംഘാംഗങ്ങളെ,**

പരീക്ഷകഴിഞ്ഞ് അവധിക്കാലത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ കൂടുതൽ തീക്ഷ്ണതയോടും സന്തോഷത്തോടുംകൂടെ ഒരു നല്ല അൾത്താരബാലനായിരിക്കുവാൻ നമുക്ക് പരിശ്രമിക്കാം. അതിനായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

- അവധിക്കാലത്ത് വി. കുർബാനയിൽ പങ്കെടുക്കുവാനും വി. കുർബാന സ്വീകരിക്കുവാനും പരിശ്രമിക്കുക. പ്രത്യേകം ഒരുങ്ങിവേണം പരി. കുർബാനയിൽ സംബന്ധിക്കാൻ. ഓരോ ദിവസവും സമർപ്പിക്കാൻ നിയോഗങ്ങൾ ഉണ്ടാകേണ്ടതാണ്.

- കൂടുതൽ ഭക്തിയോടും വിശ്വാസത്തോടുംകൂടെ അൾത്താരയിൽ തിരുക്കർമ്മങ്ങളിൽ ശുശ്രൂഷിക്കുക.

- നിങ്ങളുടെ കൂട്ടുകാരെകൂടി വി. കുർബാനയിൽ സംബന്ധിക്കുവാൻ നിങ്ങളോടൊപ്പം ക്ഷണിക്കുക.

- നിങ്ങളും നിങ്ങളുടെ കുടുംബാംഗങ്ങളും വെളിപ്പിനുള്ള ഈസ്റ്റർ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുക. മറ്റുള്ളവരെകൂടി അതിനെ പ്രോത്സാഹിപ്പിക്കുക.

- ബൈബിൾ വായനയിലൂടെയും സഹായപ്രവർത്തികളിലൂടെയും ക്രിസ്താനുഭവത്തിൽ വളരുക.

- വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങൾ നേരത്തെതന്നെ മനസ്സിലാക്കുകയും അവ പരിശീലിക്കുകയും ചെയ്യുക.

- പുതിയസംഘാംഗങ്ങൾക്ക് വ്യക്തവും കൃത്യവുമായ പരിശീലനം വികാരിയച്ചന്റെയും ആനിമേറ്ററുടെയും സഹായത്തോടെ നൽകുക.

**ശ്രദ്ധിക്കുക**

അൾത്താരസംഘം വാർഷികറിപ്പോർട്ട് ഇനിയും എത്തിക്കാത്തവർ എത്രയും വേഗം റിപ്പോർട്ട് പാസ്റ്ററൽ സെന്ററിൽ എത്തിക്കണമെന്ന് ഓർമ്മിക്കുന്നു.

ഇക്കാര്യം ക്രമീകരിക്കുവാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, അൾത്താരസംഘം





# ചെറുപുഷ്പ മിഷൻ ലീഗ്

**കർമ്മപരിപാടികൾ - ഏപ്രിൽ**

2 വ്യാഴം : പെസഹാവ്യാഴം, ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ ചരമവാർഷികം

3 വെള്ളി : ദുഃഖവെള്ളി,

4 ശനി : ദു:ഖശനി

5 ഞായർ : ഉയിർപ്പു തിരുനാൾ

11 ശനി : ഡയറക്ടേഴ്സ് & വൈസ് ഡയറക്ടേഴ്സ് സംഗമം

**അനുബന്ധ പ്രവർത്തനങ്ങൾ**

* പ്രാർത്ഥനാനിയോഗം : ദൈവവിളി വർദ്ധിക്കുന്നതിനുവേണ്ടി.

* ഉയിർപ്പുതിരുനാളിനോടനുബന്ധിച്ച് ആശുപത്രികൾ സന്ദർശിച്ച് ഉത്ഥാനനുഭവം പകരുക. ഭക്ഷണവിതരണം, പരിസര ശുചീകരണം നടത്തുക.

**സുകൃതജപം :** ഉത്ഥിതനായ ഈശോയെ ഉത്ഥാന മഹത്വത്തിലേക്ക് ഞങ്ങളെ നയിക്കേണമേ

**ഫാ. ജോജി വടക്കേക്കര**
ഡയറക്ടർ

# കെ. സി. വൈ. എം

**രൂപത കെ.സി.വൈ.എം. സ്പെഷ്യൽ സെനററ് നടത്തി**

'പ്രവാചക യുവത്വവും സമർപ്പിത ചൈതന്യവും' എന്ന പഠനപ്രവർത്തന വിഷയത്തെ ആസ്പദമാക്കിയുള്ള 2015 പ്രവർത്തനവർഷ ഉദ്ഘാടനവും കർമ്മപദ്ധതിയായ 'അഗ്നി'യുടെ പ്രകാശനവും ഫെബ്രുവരി 28-ാം തിയ്യതി പാസ്റ്ററൽ സെന്ററിൽ വെച്ച് മുൻ സംസ്ഥാന ഡയറക്ടർ ഫാ. ജെയ്സൺ കൊള്ളന്നൂർ നിർവ്വഹിച്ചു. സമർപ്പണ മനോഭാവമുള്ള സംഘടന പ്രവർത്തനവും പ്രവാചക തീക്ഷ്ണത നിറഞ്ഞ നേതൃത്വവുമാണ് യുവജനങ്ങളെ ഇന്നത്തെ സമൂഹത്തിനും രാഷ്ട്രത്തിനും ആവശ്യമുള്ളതെന്ന് ഫാ. ജെയ്സൺ കൊള്ളന്നൂർ അഭിപ്രായപ്പെട്ടു. സെനറ്റിൽ 125 ഓളം യുവജന നേതാക്കൾ പങ്കെടുത്തു. ശ്രീ. ബെന്നി ആന്റണി ക്ലാസ്സുകൾ നയിച്ചു. പൊതുസമ്മേളനത്തിന് രൂപത പ്രസിഡന്റ് എബിൻ കണിവയലിൽ അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. സീജോ കാരിക്കാട്ടിൽ ആമുഖ പ്രഭാഷണം നടത്തി. ആനിമേറ്റർ സി.ആൻഗ്രേസ് CHF, രൂപത സെക്രട്ടറി റോസ്മോൾ

ജോസ് എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. ജനറൽ സെക്രട്ടറി ഗ്ലോഡിൻ ജോസ് സ്വാഗതവും രൂപത സെക്രട്ടറി മനു തോമസ് നന്ദിയും രേഖപ്പെടുത്തി. രൂപത ജനറൽ സെക്രട്ടറി ഗ്ലോഡിൻ ജോസ് കർമ്മപദ്ധതിയായ 'അഗ്നി'യുടെ വിവരണം നടത്തി. ജാക്ക് ഫ്രാൻസിസ്, ആഗ്നസ് ലോറൻസ്, ഡിംപിൾ ജോൺ, ജുബിൻ ജോസ്, ഷിജു കുര്യൻ, ക്രിസ്റ്റി മാത്യു, സംഗീത് മാർട്ടിൻ, എന്നിവർ നേതൃത്വം നൽകി.

**പാലക്കാട് രൂപതയെ തട്ടിയുണർത്തി കെ.സി.വൈ.എം. യുവപ്രയാൺ**

'വിശ്വാസത്തിൽ, വിശുദ്ധിയിൽ, വിമോചനത്തിനായ് വികസനത്തിനായ് കൈസ്തവ യുവശക്തി' എന്ന ആപ്തവാക്യവുമായി പാലക്കാട് രൂപത കെ.സി.വൈ.എം. ന്റെ യുവപ്രയാൺ യൂണിറ്റ് സന്ദർശനം ആരംഭിച്ചു. 'യുവജന ശാക്തീകരണം യൂണിറ്റുകളിലൂടെ' എന്ന ലക്ഷ്യം വച്ചുകൊണ്ടാണ് യുവപ്രയാൺ നടത്തപ്പെടുന്നത്. പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് കെ.സി.വൈ.എം. മുൻ സംസ്ഥാന ഡയറക്ടർ ഫാ. ജെയ്സൺ കൊള്ളന്നൂർ, ജാഥാ ക്യാപ്റ്റനും രൂപത പ്രസിഡന്റുമായ എബിൻ കണിവയലിന് പതാക നൽകി ഉദ്ഘാടനം ചെയ്തു. മാർച്ച് 1-ാം തിയ്യതി ആരംഭിച്ച യുവപ്രയാൺ രൂപതയിലെ ഇടവകകൾ സന്ദർശിച്ച് മെയ് 31 നു സമാപിക്കും. രൂപതയിലെ യുവജനങ്ങളെ കൂടുതൽ കർമ്മോത്സുകരാക്കികൊണ്ട് യുവപ്രയാൺ താവളം, കാഞ്ഞിരപ്പുഴ, മണ്ണാർക്കാട്, പൊന്നംകോട് ഫൊറോനകൾ പിന്നിട്ടു. ജാഥാംഗങ്ങളായ രൂപത ഡയറക്ടർ ഫാ. സീജോ കാരിക്കാട്ടിൽ, സി. ആൻഗ്രേസ് സി.എച്ച്.എഫ്., ഗ്ലോഡിൻ ജോസ്, ഷിജു കുര്യൻ, ആഗ്നസ് ലോറൻസ്, ജാക്ക് ഫ്രാൻസിസ്, സംഗീത് മാർട്ടിൻ, മനു തോമസ്, ഡിംപിൾ ജോൺ, റോസ്മോൾ, ജൂബിൻ ജോസ്, ക്രിസ്റ്റി മാത്യു, അനു പോൾ, വിനീഷ് പി.ഇ., ഫൊറോന പ്രസിഡന്റുമാർ എന്നിവർ നേതൃത്വം നൽകി.

**കെ.സി.വൈ.എം. കുരിശുമല തീർത്ഥാടനം നടത്തി**

പാലക്കാട് രൂപത കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ താവളം ഫൊറോനയിലെ ജെല്ലിപ്പാറ കാൽവരി മൗണ്ട് കുരിശുമലയിലേക്ക് കുരിശിന്റെ വഴി നടത്തി. പാലക്കാട് രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുമുള്ള ജനങ്ങളുടെ പ്രാർത്ഥനാ നിയോഗങ്ങളുമായി 500 ലേറെ വരുന്ന യുവജനങ്ങളാണ് കുരിശിന്റെ വഴിയിൽ പങ്കെടുത്തത്. വർഗ്ഗീയതയും സ്വജന പക്ഷപാതവും തീവ്രവാദവും പെരുകുന്ന സാഹചര്യത്തിൽ വിവിധ നാടുകളിൽ ഇത്തരം അതിക്രമങ്ങൾക്ക് ഇരയാകുന്നവരെ സമർപ്പിച്ചു കൊണ്ടും ജനങ്ങൾക്കിടയിൽ സമാധാനവും സാഹോദര്യവും നിലനിൽക്കണമെന്നതും ആയിരുന്നു പ്രധാന പ്രാർത്ഥനാ നിയോഗങ്ങൾ. ജെല്ലിപ്പാറ പള്ളിയിൽ വെച്ചു നടന്ന പ്രാർത്ഥനാ ചടങ്ങുകൾക്ക് രൂപത ഡയറക്ടർ ഫാ. സീജോ കാരിക്കാട്ടിൽ നേതൃത്വം നൽകി. ഫാ. സജി വട്ടുകളത്തിൽ കുരിശിന്റെ വഴിയുടെ സന്ദേശം നൽകി. ഫാ. ബിജു പ്ലാത്തോട്ടത്തിൽ കുരിശിന്റെ ആശീർവ്വാദം





നൽകി. രൂപത പ്രസിഡന്റ് എബിൻ കണിവയലിൽ, സി. ആൻഗ്രേസ്, ജന. സെക്രട്ടറി ഗ്ലോഡിൻ ജോസ്, രൂപത ഭാരവാഹികളായ ആഗ്നസ് ലോറൻസ്, ജാക് ഫ്രാൻസിസ്, ഷിജു കുര്യൻ, സംഗീത് മാർട്ടിൻ, മനു തോമസ്, ഡിംപിൾ ജോൺ, റോസ്മോൾ, ജൂബിൻ ജോസ്, , അനു പോൾ, ഫൊറോന പ്രസിഡന്റ് സിജോ പി.എ. യൂണിറ്റ് പ്രസിഡന്റ് സെറിൻ ചാക്കോ എന്നിവർ നേതൃത്വം നൽകി.

**അഫിലിയേഷൻ**

കെ.സി.വൈ.എം. ന്റെ 2015 പ്രവർത്തനവർഷത്തേക്കുള്ള അഫിലിയേഷൻ നടപടികൾ ആരംഭിച്ചിരിക്കുന്നു. അങ്ങയുടെ യൂണിറ്റിലെ പുതിയതായി ചേർന്ന അംഗങ്ങളുടെ ഫോമും ഭാരവാഹികളുടെ വിവരങ്ങളും നിശ്ചയിക്കപ്പെട്ടിട്ടുള്ള അഫിലിയേഷൻ ഫീസോടൊപ്പം രൂപത ഓഫീസിൽ മെയ് 31 ന് മുൻപായി എത്തിച്ചാൽ മാത്രമേ അഫിലിയേഷൻ പൂർത്തിയാകുകയുള്ളു. മെയ് 31 ന് ശേഷമുള്ള എൻട്രികൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. 2014 വരെ കെ.സി.വൈ.എം. രൂപത ഓഫീസിൽ അങ്ങയുടെ യൂണിറ്റിൽ നിന്നും രജിസ്റ്റർ ചെയ്തിട്ടുള്ള അംഗങ്ങളുടെ പേരുവിവരം തിരികെ നൽകിയിട്ടുണ്ട്. ഈ ലിസ്ററിൽ ഏതെങ്കിലും തിരുത്തലുകൾ (പുതിയ അംഗങ്ങളുടെ കൂട്ടിച്ചേർക്കൽ / യൂണിറ്റിൽ നിന്നും അംഗത്വം ഇല്ലാതാകുക / പ്രായപരിധികഴിഞ്ഞവർ, വിവാഹം/ മരണം /ഇടവക മാറുന്നവർ) ഉണ്ടെങ്കിൽ ആ വിവരങ്ങൾ ഡയറക്ടറച്ചന്റെ ഒപ്പും ഓഫീസ് സീലും സഹിതം രൂപത ഓഫീസിൽ എത്തിക്കണം. ഇങ്ങനെ അഫിലിയേഷൻ നടത്താത്തതോ പുതുക്കാത്തതോ ആയ യൂണിറ്റുകൾക്ക് എന്ന പേരിൽ പ്രവർത്തിക്കാൻ സാധിക്കില്ല എന്നതും മേൽഘടകങ്ങളുടെ പരിപാടികളിൽ സംബദ്ധിക്കാൻ അനുവദിക്കുന്നതല്ല എന്ന വിവരവും അറിയിക്കുന്നു.

**ഉണർവ്വ് 2015**

കെ.സി.വൈ.എം. ന്റെ നേതൃനിരയെ വളർത്തിയെടുക്കുവാനും സജീവമാക്കുവാനുമായുള്ള ലീഡേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം സോണുകളായി തിരിച്ച് നടത്തുന്നു. ഏപ്രിൽ 15-ാം തിയ്യതി മണ്ണാർക്കാട് മേഖല (കാഞ്ഞിരപ്പുഴ, മണ്ണാർക്കാട്, പൊന്നംകോട്, താവളം ഫൊറോനകൾ)യിൽ കാഞ്ഞിരപ്പുഴ ഫൊറോന പള്ളിയിൽ വച്ച് ഉണർവ്വ് നടത്തപ്പെടുന്നു. പ്രസ്തുത പരിപാടിയിൽ അതാത് ഫൊറോനകളിലേയും യൂണിറ്റുകളിലേയും അംഗങ്ങൾ പങ്കെടുക്കേണ്ടതാണ്.

**യുവജനദിന വിഹിതം**

2014 പ്രവർത്തനവർഷത്തിൽ രൂപത യുവജനദിനത്തിന്റെ വിഹിതം തരാത്ത ഇടവകകൾ എത്രയും പെട്ടെന്ന് പ്രസ്തുത തുക രൂപത കെ.സി.വൈ.എം. കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്.

**ഫാ. സീജോ കാരിക്കാട്ടിൽ**
ഡയറക്ടർ

## മാതൃസംഘം

2015 വർഷത്തെ മാർഗ്ഗരേഖ ബഹു. വികാരിമാർ കൈവശം മാർച്ച് 30 തിങ്കളാഴ്ച നൽകിയിട്ടുണ്ട്. ഒരു യൂണിറ്റിന് നാലു കോപ്പികൾ നൽകിയിട്ടുണ്ട്. കൂടുതൽ ആവശ്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**യൂണിറ്റ് അഫിലിയേൻ**

യൂണിറ്റ് അഫിലിയേഷൻ പൂർത്തീകരിച്ച എല്ലാ യൂണിറ്റുകൾക്കും അഭിനന്ദനങ്ങൾ.

**കെ.സി.ബി.സി. വനിതാ കമ്മീഷൻ തൃശൂർ സോണൽതല മീറ്റിംഗ്**

വനിതാ കമ്മീഷന്റെ സോണൽതല മീറ്റിംഗിന് ആതിഥ്യം വഹിക്കുന്നത് നമ്മുടെ രൂപതയാണ്, പ്രസ്തുത മീറ്റിംഗ് ഏപ്രിൽ 14 ചൊവ്വാഴ്ച രാവിലെ 10.00 മുതൽ ഉച്ചയ്ക്ക് 2.00 മണിവരെ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ യൂണിറ്റുകളിൽനിന്നും അഞ്ചിൽ കുറയാതെ വനിതകൾ പങ്കെടുക്കേണ്ടതാണ്. ഒരു യൂണിറ്റിന് 300 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. അഞ്ചിൽ കൂടുതലുള്ള ഓരോ അംഗത്തിനും 30 രൂപ വച്ച് നൽകേണ്ടതാണ്. ഇതിലെ പങ്കാളിത്തം നല്ല യൂണിറ്റിനെ തിരഞ്ഞെടുക്കുന്നതിന് ഒരു ഘടകമാകും.

**ഫാ. ബിനു പൊൻകാട്ടിൽ**
ഡയറക്ടർ

## ALL KERALA CATHOLIC CONGRESS (A.K.C.C)

1. രൂപതയുടെ 5 മേഖലകളിലായി 32 യൂണിറ്റുകൾ സ്ഥാപിച്ചു. ഇതിനുവേണ്ട സഹായ സഹകരണങ്ങൾ ചെയ്ത എല്ലാ വികാരിമാർക്കും പ്രത്യേകിച്ച് ഫൊറോന വികാരിമാർക്ക് നന്ദിയും കടപ്പാടും അറിയിക്കുന്നു. നിശ്ചിത സമയത്തിനുള്ളിൽ ഇതു നിർവഹിക്കുന്നതിൽ സഹായിച്ച അഡ്ഹോർക്ക് കമ്മിറ്റി അംഗങ്ങളായ സെസിൽ അബ്രഹം, ജോസ് മേനാച്ചേരി, പ്രാകാശ് ഫ്രാൻസിസ്, സന്തോഷ് കാവാലം, ബെന്നി ആഡ്രൂസ്, ജോസ് വടക്കേക്കര, ജോസ് മുക്കട എന്നിവരെ പ്രത്യേകം അഭിനന്ദിക്കുന്നു.
2. **രൂപത കത്തോലിക്ക കോൺഗ്രസ് ജനറൽബോഡി**

   എ.കെ.സി.സി. ജനറൽബോഡി ഏപ്രിൽ 11-ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 10 മണി മുതൽ 2 മണിവരെയും, രൂപതാ പ്രതിനിധി യോഗം 2 മണി മുതൽ 4 മണിവരെയും കൂടുന്നു. ജനറൽബോഡിയിൽ 32 യൂണിറ്റുകളിലെ ഭാരവാഹികളും പങ്കെടുക്കണം. ഓരോ യൂണിറ്റിൽനിന്നും





   പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരെയും, രൂപത എക്സിക്യൂട്ടിവ് ബോഡിയുമാണ് രൂപത പ്രതിനിധിയോഗം.
3. **കത്തോലിക്ക കോൺഗ്രസ്സ് രൂപത കൺവെൻഷൻ**

   മെയ് 1 ന് കത്തീഡ്രൽ അങ്കണത്തിൽ പാലക്കാട് രൂപതാദ്ധ്യക്ഷന്റെ നേതൃത്വത്തിൽ, സഭയുടെ തലവനും, പിതാവുമായ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിനോടൊപ്പം രൂപതയിലെ കത്തോലിക്ക കോൺഗ്രസ് പ്രവർത്തകർ ഒന്നിച്ചുകൂടുന്നു. പ്രസ്തുത യോഗത്തിലേക്ക് എല്ലാ AKCC പ്രവർത്തകരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ

## ഫാമിലി അപ്പോസ്തലേറ്റ്

**പ്രീകാന കോഴ്സ്**

**മെയ്** മാസത്തിലെ പ്രീകാന - **4, 5, 6, 7** തിയ്യതികളിൽ നടത്തപ്പെടുന്നു.

പ്രീകാനയുടെ ദിവസങ്ങളിൽ മനസമ്മതം ക്രമീകരിക്കുന്നതും കോഴ്സു കഴിയുന്നതിനുമുമ്പ് പറഞ്ഞുവിടേണ്ടിവരുന്നതും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതുകൊണ്ടു വികാരിയച്ചന്മാർ ഇതു പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**പ്രോലൈഫ് പ്രവർത്തനങ്ങൾ**

മാർച്ച് 22 രൂപതയിൽ പ്രോലൈഫ് ദിനമായി ആചരിച്ചു. എല്ലാ ഇടവകകളിലും ഇടയലേഖനവും ബ്രൗഷറും വിജ്ഞാനപ്രദമായിരുന്നു. കുടുംബക്കൂട്ടായ്മകളിലും ഈ വിഷയം ചർച്ചക്കുവിധേയമായി.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ



## കുടുംബകൂട്ടായ്മ

**കുടുംബക്കൂട്ടായ്മ രൂപതാ ഫൊറോന സമിതി രൂപീകരണം**

ഓരോ ഇടവകയിൽ നിന്നും 2 കുടുംബക്കൂട്ടായ്മ പ്രതിനിധികളെ വീതം തിരഞ്ഞെടുത്ത് മെയ് 23 ന് നടക്കുന്ന രൂപത ജനറൽബോഡി മീറ്റിംഗിൽ പങ്കെടുപ്പിക്കണം. രണ്ട് അംഗങ്ങളിൽ ഒരാൾ പുരുഷനും, ഒരാൾ സ്ത്രീയും ആയിരിക്കണം. അവരിൽ നിന്നും രൂപതാ ഫൊറോന എക്സിക്യൂട്ടീവ്

ബോഡികൾ രൂപീകരിക്കും. ജനറൽബോഡി ഒരുമിച്ചുകൂടുന്ന സ്ഥലം പാലക്കാട് പാസ്റ്ററൽ സെന്റർ. സമയം രാവിലെ 10 മണി മുതൽ 3 മണിവരെ. എല്ലാ ഇടവകയിൽ നിന്നും 2 പ്രതിനിധികൾ നിർബന്ധമായും പങ്കെടുത്തിരിക്കണം.

**കുടുംബക്കൂട്ടായ്മയും ചർച്ചാവേദിയും**

നമ്മുടെ ഇടവകകളിൽ കുടുംബസമ്മേളനങ്ങളിൽ ചർച്ചകൾ സജീവമാക്കണം. ജനപ്രകാശത്തിന്റെ ചർച്ചാവേദി ഉപകാരപ്പെടുത്തണം. ഒരു പ്രാർത്ഥനയോഗം മാത്രമായി കുടുംബസമ്മേളനം മാററുത്.

**കുടുംബസമ്മേളനവും പങ്കാളിത്തവും**

കൂട്ടായ്മയിൽ എല്ലാ കുടുംബങ്ങളും പങ്കെടുക്കുന്നുണ്ടോയെന്ന് വികാരിമാരും ആനിമേറ്റർമാരും ഭാരവാഹികളും ശ്രദ്ധിക്കണം. ഇല്ലെങ്കിൽ അവരെ കൂടെക്കൂടെ പ്രചോദിപ്പിക്കണം.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ



## കരിസ്മാറ്റിക് വാർത്തകൾ

**സോണൽ ഏകദിന ബൈബിൾ കൺവൻഷൻ**

എല്ലാ മാസാദ്യ വെള്ളിയാഴ്ചകളിലും രാവിലെ 9 മണി മുതൽ ഉച്ചതിരിഞ്ഞ് 3.30 വരെ ചന്ദ്രനഗർ ഡിവൈൻ പ്രൊവിഡൻസ് പള്ളിയിൽ വെച്ച് ഏകദിന ബൈബിൾ കൺവൻഷൻ നടത്തുന്നു. ഡയറക്ടർ ഫാ. ഡൊമിനിക് ഐപ്പൻപറമ്പിലും സോണൽ സർവ്വീസ് ടീം അംഗങ്ങളും ശുശ്രൂഷകൾക്ക് നേതൃത്വം നല്കുന്നു. വചനപ്രഘോഷണം, വി. കുർബാന, കുമ്പസാരം, ദിവ്യകാരുണ്യ ആരാധന, കൗൺസിലിംങ്ങ് ശുശ്രൂഷകൾ ഉണ്ടായിരിക്കും.

**സോണൽ മദ്ധ്യസ്ഥപ്രാർത്ഥന**

എല്ലാ ദിവസവും രാവിലെ 9 മണി മുതൽ ഉച്ചതിരിഞ്ഞ് 3.00 വരെ ചന്ദ്രനഗർ ഡിവൈൻ പ്രൊവിഡൻസ് പള്ളിയിൽ വെച്ച് ദിവ്യകാരുണ്യ സന്നിധിയിൽ പ്രാർത്ഥിക്കുന്നു.

**ലീഡേഴ്സ് കൂട്ടായ്മ**

എല്ലാ മാസവും മൂന്നാം ശനിയാഴ്ച്ചകളിൽ രാവിലെ 9.30 മുതൽ ഉച്ചതിരിഞ്ഞ് 3.30 വരെ ചന്ദ്രനഗർ പള്ളിയിൽ വെച്ച് ലീഡേഴ്സ് കൂട്ടായ്മ നടത്തുന്നു. സോണിലും മറ്റ് ശുശ്രൂഷാകേന്ദ്രങ്ങളിലും പ്രവർത്തിക്കുന്ന എല്ലാവരെയും ഈസ്നേഹക്കൂട്ടായ്മയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.





**ഇടവക ധ്യാനം**

സോണൽ കരിസ്മാറ്റിക് ടീമിന്റെ നേതൃത്വത്തിൽ ഇളവംമ്പാടം ഇടവക ദൈവാലയത്തിൽ വാർഷിക ധ്യാനം മാർച്ച് 22 മുതൽ 25 വരെ നടത്തി. രൂപതാ ഡയറക്ടർ ബഹു. ഫാ. ഡൊമിനിക് ഐപ്പൻപറമ്പിൽ നേതൃത്വം നല്കി. ധ്യാനത്തിനൊരുക്കമായി ഹോംമിഷനും നടത്തുകയുണ്ടായി.

**ഇടവക നവീകരണ ധ്യാനം**

സോണൽ കരിസ്മാറ്റിക് സർവ്വീസ് ടീമിന്റെ നേതൃത്വത്തിൽ ഹോം മിഷനോടുകൂടി ഇടവക നവീകരണ ധ്യാനങ്ങൾ നടത്തുന്നതാണ്. ബന്ധപ്പെടുക: ഫാ. ഡൊമിനിക് ഐപ്പൻപറമ്പിൽ, ഫോൺ : 9446293611

**സോണിന് പുതിയ നേതൃത്വം**

2015 മാർച്ച് 6,7 തിയതികളിൽ നടന്ന പുനസംഘടനയ്ക്ക് കെ.എസ്.റ്റി. ടീമാണ് നേതൃത്വം നല്കിയത്. സി. ഗ്രേയ്സ് തോമസ് (കെ.എസ്.റ്റി. അംഗം), സി. ഡെൽസി ഫിലിപ്പ്, പ്രൊഫ.ജോർജ്ജ്, രൂപതാ ഡയറക്ടർ ബഹു. ഫാ. ഡൊമിനിക് ഐപ്പൻപറമ്പിൽ എന്നിവർക്കൊപ്പം കെ.എസ്.റ്റി. ചെയർമാൻ ബഹു. ഫാ. സെബാസ്റ്റ്യൻ കറുകപ്പള്ളിയും ശുശ്രൂഷകൾ നയിച്ചു. പുതിയ സർവ്വീസ് ടീം അംഗങ്ങളായി സിജു പാലാട്ടി (കൈതച്ചിറ), വിൻസന്റ്(മുണ്ടൂർ), ഫ്രാങ്കോ ജോസഫ്(ആലത്തൂർ), ജോർജ്ജ് വി. വി(പൊമ്പ്ര), ഉമ്മൻ മാത്യു(നീതിപുരം), ജോർജ്ജ് ചൊവ്വല്ലൂർ(പട്ടാമ്പി), മേരി മാത്യു(രാജഗിരി), മരിയ ജോസഫ്(മേലാർകോട്), ബിന്ദു മാർട്ടിൻ(കൈതച്ചിറ) എന്നിവരെ തിഞ്ഞെടുത്തു. മാർച്ച് 19,20 തിയ്യതികളിൽ എമ്മാവൂസിൽ (കളമശ്ശേരി) ചേർന്ന കേരളത്തിലെ 24 സോണുകളിൽ നിന്നുള്ള പ്രതിനിധികളുടെ കൂട്ടായ്മയിൽ വെച്ച് കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് പാലക്കാട് സോൺ സമർപ്പിച്ച പാനലിൽ നിന്ന് ഉമ്മൻ മാത്യുവിനെ കോ-ഓർഡിനേറ്ററായി പ്രഖ്യാപിച്ചു. രണ്ട് വർഷമാണ് കോ-ഓർഡിനേറ്ററുടെ കാലാവധി.

**ഫാ. ഡൊമിനിക് ഐപ്പൻപറമ്പിൽ**
ഡയറക്ടർ

## വൊക്കേഷൻ ബ്യൂറോ

**ദൈവവിളി ധ്യാനം**

രൂപതയിലെ ദൈവവിളി ധ്യാനം ഏപ്രിൽ 6 തിങ്കളാഴ്ച്ച വൈകിട്ട് 4 മണിക്ക് ആരംഭിച്ച് 10-ാം തിയതി വെള്ളിയാഴ്ച 10 മണിവരെ കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നതാണ്. ഈ വർഷം പത്താം ക്ലാസ്,

+2, ഡിഗ്രി പരീക്ഷ എഴുതിയിരിക്കുന്നവർക്കും മുമ്പ് പാസായവർക്കും ഇതിൽ പങ്കെടുക്കാവുന്നതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരു വിവരം ബഹു. വികാരിയച്ചൻമാർ ഏപ്രിൽ 3ന് മുമ്പായി മൈനർ സെമിനാരിയിൽ അറിയിക്കുമല്ലോ. **സെമിനാരി: ഫോൺ : 0491 2535294, ഫാ. ജോജി വടക്കേക്കര (വൊക്കേഷൻ പ്രൊമോട്ടർ): 9446148405**

**ഫാ. ജോജി വടക്കേക്കര**
വൊക്കേഷൻ പ്രൊമോട്ടർ

## അസ്സോസിയേഷൻ ഓഫ് കാത്തലിക് കെയർ ഹോംസ് (ACCH)

**തൊഴിലധിഷ്ഠിത പരിശീലനങ്ങൾ**

രൂപതയിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകളിൽ ആവശ്യമായ തൊഴിലധിഷ്ഠിത പരിശീലനങ്ങളായ പേപ്പർ ഫയൽ, പേപ്പർ ബാഗ്, പേപ്പർ കവറുകർ, മെഴുകുതിരി നിർമ്മാണം, കുട നിർമ്മാണം, സോപ്പുപൊടി നിർമ്മാണം തുടങ്ങി അനവധി സർട്ടിഫിക്കറ്റ് കോഴ്സുകൾ PSSP-യുടെ കീഴിലുള്ള ജൻ ശിക്ഷൻ സൻസ്ഥാൻ വഴി പഠിപ്പിക്കുന്നതാണ്. (ഫോൺ : 9400299234)

**മീറ്റിംഗ്**

ഏപ്രിൽ മാസം അവസാനത്തെ ആഴ്ച രൂപതയിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകളുടെ മീറ്റിംഗ് ഉണ്ടായിരിക്കുന്നതാണ്.

**അഭിനന്ദനങ്ങൾ**

ഹൈദരാബാദിൽ വെച്ചു സപെഷ്യൽ സ്കൂളുകളിലെ തൊഴിലധിഷ്ഠിത പരിശീലനങ്ങളുടെ ഭാഗമായി നടത്തപ്പെട്ട എംപ്ലോയിസ് മീറ്റിൽ സ്തുത്യർഹമാം വിധം പങ്കെടുത്ത തത്തമംഗലം പ്രതീക്ഷ സ്പെഷ്യൽ സ്കൂളിന് പാലക്കാട് രൂപതയുടെ അഭിനന്ദനങ്ങൾ!

**നന്ദി**

രൂപതയിലെ കെയർ ഹോംസ് പ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് ഓർഫനേജുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അസോസിയേഷൻ ഓഫ് കാത്തലിക് കെയർ ഹോംസിന് അകമഴിഞ്ഞ് സഹായിച്ച ഫാ. ജെയ്മോൻ പള്ളിനീരാക്കലിന് നന്ദി. അച്ചന് പുതിയ പ്രവർത്തന മേഖലകളിൽ വിജയാശംസകൾ

**ഫാ. എബിൻ കുളമ്പിൽ**
ഡയറക്ടർ





## സെഹിയോൻ മിനിസ്ട്രീസ്

**സെഹിയോൻ ധ്യാനകേന്ദ്രം**

| മാസം | തീയതി | ധ്യാനം നയിക്കുന്നത് |
|---|---|---|
| ഏപ്രിൽ | 05–10 | ആന്തരികസൗഖ്യ ധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ഏപ്രിൽ | 12–17 | സിസ്റ്റേഴ്സ് ധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ഏപ്രിൽ | 17–19 | ജീവിതാന്തസ് വിവേചന ധ്യാനം<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ഏപ്രിൽ | 19–24 | ആന്തരികസൗഖ്യ ധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ഏപ്രിൽ 26 മെയ് 1 | | ആന്തരികസൗഖ്യ ധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ഏപ്രിൽ 30 മെയ് 1 | | സിസ്റ്റേഴ്സ് വരദാന വളർച്ചാധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |

സീറ്റുകൾ ബുക്കുചെയ്യുന്നത് ഓൺലൈനിലൂടെ മാത്രം. എല്ലാമാസത്തിന്റെയും ഒന്നാം തീയതി (ഞായർ ഒഴികെ) രാവിലെ 10 മണിക്ക് ബുക്കിംഗ് ആരംഭിക്കും. address: www sehion.in ഫോൺ : 04924 – 253496

**പ്രീസ്റ്റ് ഗ്രാന്റ് കോൺഫറൻസ്**

സെഹിയോനിലെ ധ്യാനം കൂടിയ വൈദികർക്കുവേണ്ടി 2015 ജൂൺ 22 മുതൽ 25 വരെ പ്രീസ്റ്റ് ഗ്രാന്റ് കോൺഫറൻസ് നടത്തപ്പെടുന്നു.

**ജീവിതാന്തസ് വിവേചന ധ്യാനം**

2015 ഏപ്രിൽ 17 മുതൽ 19 വരെ സെഹിയോൻ ധ്യാനകേന്ദ്രത്തിൽവെച്ച് പ്ലസ് ടു മുതലുള്ള യുവജനങ്ങൾക്കുവേണ്ടി ജീവിതാന്തസ് വിവേചന ധ്യാനം നടത്തപ്പെടുന്നു. ബുക്കിംഗിന് : 04924 253496, 8281473647

**സെഹിയോനിലെ മാറിയ ഫോൺനമ്പറുകൾ**

| | |
|---|---|
| പ്രാർത്ഥനാസഹായം | : 04924 227000 |
| ധ്യാനം ബുക്കിംഗ് (അന്വേഷണങ്ങൾക്ക്) | : 04924 253496, 8281473647 |

## സെഹിയോൻ ടെലിവിഷൻ

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www.sehion.org/ web TV

**സെഹിയോൻ റേഡിയോ**

സെഹിയോൻ ശുശ്രൂഷകൾ, മാറാനാത്ത അഭിഷേകാഗ്നി പ്രോഗ്രാമുകൾ, സഭാത്മക പ്രാർത്ഥനകൾ, വിശുദ്ധരുടെ നൊവേന, ക്രിസ്തീയ ഭക്തിഗാനങ്ങൾ തുടങ്ങിയവ 24 മണിക്കൂറും സെഹിയോൻ റേഡിയോയിലൂടെ ലഭ്യമാണ്. address: www sehionradio.org

ഇന്റർനെറ്റ് കണക്ഷനുള്ള മൊബൈൽ ഫോണുകളിലും ഇത് ലഭ്യമാണ്.

## സെഹിയോൻ ടൗൺമിനിസ്ട്രി

ഏപ്രിൽ 19 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ കോസ്മൊപൊളിറ്റൻ ഓഡിറ്റോറിയത്തിൽ (N.H. 47 ന് സമീപം, മണപ്പുള്ളിക്കാവ്) വച്ച് രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**യുവജനധ്യാനം**

സെഹിയോൻ ധ്യാനകേന്ദ്രത്തിലെ എഫ്രായിം സെന്ററിൽ വെച്ച് എല്ലാ മാസത്തിന്റെയും രണ്ടാം ഞായറാഴ്ച ആരംഭിച്ച് വെള്ളിയാഴ്ച സമാപിക്കുന്നു.

ബുക്കിംഗിന് : 0491 6411467, 9495451271, 9539417417, 9885427703

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ മിനിസ്ട്രീസ്

## പി. എസ്. എസ്. പി.

**നോമ്പുകാല പിരിവ്:** ഈസ്റ്ററിനുശേഷം PSSP യിൽ നേരിട്ട് ഏല്പിക്കുമല്ലോ.

**ജൈവ വിപണി**

പാലക്കാട് ജില്ലയിലെ കർഷകർ വിളയിച്ചെടുക്കുന്ന ജൈവ ഉത്പന്നങ്ങൾക്ക് പി.എസ്.എസ്.പി. സ്ഥിര വിപണിയൊരുക്കുന്നു. കഴിഞ്ഞ 3 വർഷമായി കുറഞ്ഞ അളവിൽ നടന്ന് വരുന്ന ഈ വിപണന ശൃംഖലയാണ് ഇപ്പോൾ വിപുലീകരിക്കുന്നത്. ജൈവരീതിയിൽ വിളയിച്ചെടുക്കുന്ന എല്ലാ ഭക്ഷ്യ വിഭവങ്ങളും ഉയർന്ന വിലയ്ക്കു വാങ്ങുന്ന ഈ പദ്ധതിയിൽ അംഗമാകുവാൻ താത്പര്യമുള്ള കർഷകർ ഉടൻ പി.എസ്.എസ്.പി. യുടെ ഓഫീസുമായി ബന്ധപ്പെടുക. (ഫോൺ: 0491 2520395).

**കാർഷിക ഉത്പ്പാദക കമ്പനി രൂപീകരിക്കുന്നു**

രൂപതയുടെ റൂബിജൂബിലിയോടനുബന്ധിച്ച് സംഘടിപ്പിക്കപ്പെട്ട പ്രഥമ എപ്പാർക്കിയൽ അസംബ്ലിയുടെ നിർദ്ദേശപ്രകാരം പി.എസ്.എസ്.പി. യുടെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിലെ കർഷകരെ കോർത്തിണക്കി ഒരു കാർഷിക ഉത്പ്പാദക കമ്പനി (Agriculture Producer Company) രൂപീകരിക്കുന്നു. കർഷകർ വിളയിക്കുന്ന എല്ലാ ഉത്പ്പന്നങ്ങളും ലാഭകരമായി





വിറ്റഴിക്കുന്നതിനുള്ള വിപണി കണ്ടെത്തുകയെന്ന ഉദ്ദേശത്തോടെ തുടങ്ങുന്ന കമ്പനി ചക്ക വിഭവങ്ങൾക്കും മറ്റു പച്ചക്കറി വിഭവങ്ങൾക്കുമാണ് പ്രഥമ പരിഗണന നൽകുന്നത്. തത്പരരായ കർഷകർ PSSP-യുടെ ഓഫീസുമായി ബന്ധപ്പെടുക.

**ജില്ലാ ഫെഡ് മീറ്റിംഗ്**

30.03.15 ന് തിങ്കളാഴ്ച കാലത്ത് 11 മണിക്ക് ജില്ലാ ഫെഡ് മീറ്റിംഗ് PSSP യിൽ നടത്തപ്പെടുന്നു.

**ബ്ലോക്ക് ഫെഡ് മീറ്റിങ്ങുകൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 06.04.15 | തിങ്കൾ | പാലക്കാട് - II | മുണ്ടൂർ റീജിയണൽ ഓഫീസ് | 10.30 am |
| 08.04.15 | ബുധൻ | മണ്ണാർക്കാട് | കാരാകുറിശ്ശി | 11.00 am |
| 09.04.15 | വ്യാഴം | ശ്രീകൃഷ്ണപുരം | കടമ്പഴിപ്പുറം | 11.00 am |
| 10.04.15 | വെള്ളി | കുഴൽമന്ദം | NSS ഹാൾ, കണ്ണന്നൂർ | 10.30 am |
| 14.04.15 | ചൊവ്വ | പാലക്കാട് - I & മലമ്പുഴ | PSSP | 10.30 am |
| 15.04.15 | ബുധൻ | നെന്മാറ | പാരിഷ് ഹാൾ | 10.30 am |
| 20.04.15 | തിങ്കൾ | അട്ടപ്പാടി | ഗൂളിക്കടവ് റീജിയണൽ ഓഫീസ് | 10.30 am |
| 22.04.15 | ബുധൻ | ആലത്തൂർ | FCC വടക്കഞ്ചേരി | 11.00 am |
| 23.4.15 | വ്യാഴം | ഒറ്റപ്പാലം | പാലപ്പുറം പാരിഷ്ഹാൾ | 11.00 am |

**റീജിയണൽ ഓഫീസ് ദിവസങ്ങൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 10.04.15 | വെള്ളി | കുഴൽമന്ദം | NSS ഹാൾ-കണ്ണന്നൂർ | 10.30am to 2.00pm |
| 13.4.15 | തിങ്കൾ | ഗൂളിക്കടവ് | റീജിയണൽ ഓഫീസ് | 10.30am to 2.00 pm |
| 15.4.15 | ബുധൻ | നെന്മാറ | പാരിഷ് ഹാൾ | 10.30am to 2.00 pm |
| 16.4.15 | വ്യാഴം | മണ്ണാർക്കാട്/ ശ്രീകൃഷ്ണപുരം | കരിമ്പ പാരിഷ്ഹാൾ | 10.30am to 2.00 pm |
| 21.4.15 | ചൊവ്വ | പാലക്കാട്/ മലമ്പുഴ | സാൻജോ ടവ്വർ | 10.30am to 2.00 pm |
| 22.4.15 | ബുധൻ | ആലത്തൂർ | FCC വടക്കഞ്ചേരി | 10.30am to 2.00 pm |

**മെഡി ക്ലെയിം (യൂണിവേഴ്സൽ ഹെൽത്ത് ഇൻഷൂറൻസ്)**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന ഒരു മെഡിക്ലെയിം ഇൻഷൂറൻസ് പദ്ധതി PSSP ഓറിയന്റൽ ഇൻഷൂറൻസ് കമ്പനിയുമായി ചേർന്നു നടത്തിവരുന്നു. 5 പേർ അടങ്ങുന്ന കുടുംബത്തിന് 550 രൂപയും ഒരു വ്യക്തിക്ക് 365 രൂപയും 7 പേരടങ്ങുന്ന

കുടുംബത്തിന് 750 രൂപയുമാണ് വാർഷിക പ്രീമിയം. ഒരു വർഷം 30000 രൂപ വരെ ആനുകൂല്യങ്ങൾ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് PSSP ഓഫീസുമായി ബന്ധപ്പെടുക.

**നബാർഡ് വനിതാ സ്വയം സഹായ സംഘം**

നിലവിൽ കുടുംബശ്രീയിൽ അംഗങ്ങളല്ലാത്ത 10 മുതൽ 20 വരെ സ്ത്രീകളെ ഉൾപ്പെടുത്തികൊണ്ട് നബാർഡിന്റെ നേതൃത്വത്തിൽ PSSP ജില്ലയിൽ എവിടെയും അയൽകൂട്ടങ്ങൾ ആരംഭിക്കുകയും ഇവരെ ബാങ്കുമായി ബന്ധപ്പെടുത്തി ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ തരപ്പെടുത്തി കൊടുക്കുകയും, ആവശ്യക്കാർക്ക് വിവിധ തൊഴിൽ പരിശീലനങ്ങൾ നൽകുകയും ചെയ്യുന്നു. ആവശ്യമുള്ളവർ PSSP ഓഫീസുമായി ബന്ധപ്പെടുക.

**അടുക്കളത്തോട്ടം മത്സരം**

കുടുംബകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ 50 അയൽക്കൂട്ട വനിതകൾക്ക് അടുക്കളത്തോട്ടം പരിപാലിക്കുന്നതിൽ പരിശീലനവും വിത്തും, വളവും നൽകി കൃഷി ചെയ്യിച്ച് ഏറ്റവും നന്നായി കൃഷി ചെയ്യുന്നവരെ കണ്ടെത്തി ക്യാഷ് അവാർഡും പ്രോത്സാഹനവും നൽകുന്നു.

**വനിതാ ശിങ്കാരിമേളം (ബീറ്റ്സ്)**

'ബീറ്റ്സ്' എന്ന പേരിൽ സ്ത്രീകളെ ഉൾപ്പെടുത്തികൊണ്ട് കരിമ്പയിൽ ഒരു ശിങ്കാരിമേളം PSSP യുടെ നേതൃത്വത്തിൽ ആരംഭിച്ചിരിക്കുന്നു. പ്രോഗ്രാം ആവശ്യമുള്ളവർ PSSP യുടെ ഓഫീസിൽ ബന്ധപ്പെടുക. (ഫോൺ : 0491 2520395)

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.

## കേരള ലേബർ മൂവ്മെന്റ് (KLM)

**തൊഴിലാളിദിനം**

കേരളാ ലേബർമൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ മെയ് 1 തൊഴിലാളി ദിനാചരണം സംഘടിപ്പിക്കുന്നു. അന്നേദിവസം പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്ന പൊതുസമ്മേളനം സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി പിതാവ് നിർവ്വഹിക്കുന്നതാണ്. രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് പിതാവ് അദ്ധ്യക്ഷത വഹിക്കും. രൂപതയിലെ എല്ലാ കെ.എൽ.എം. യൂണിറ്റുകളിൽ നിന്നും ഭാരവാഹികൾ പ്രസ്തുത സമ്മേളനത്തിൽ സംബന്ധിക്കേണ്ടതാണ്.

**ഫാ. ജേക്കബ് മാവുങ്കൽ**
ഡയറക്ടർ, കെ.എൽ.എം.





## From the Bishop's Diary

**2015 ഫെബ്രുവരി**

25-26 ഡൽഹിയിൽ വച്ച് നടന്ന സി.ബി.സി.ഐ. ഹെൽത്ത് കമ്മീഷന്റെ മീറ്റിംഗിൽ സംബന്ധിച്ചു.

27 – ഡമഷീൻ കോളേജിൽ സന്ദർശനം നടത്തുന്നതിനുവേണ്ടി റോമിലേക്ക് പോയി.

**2015 മാർച്ച്**

11 – റോമിൽനിന്ന് തിരിച്ചെത്തി
– തൃശ്ശൂർ അമല ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.

12 – രൂപതാകാര്യാലയത്തിൽ നവവൈദികർക്കുവേണ്ടിയുള്ള ഏകദിനപരിപാടി ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

13 – പെരുമ്പടാരി, തച്ചമ്പാറ ഡൊമിനിക്കൻ സന്യാസ ഭവനങ്ങൾ സന്ദർശിച്ചു. നിര്യാതയായ സി. ലിസീനയ്ക്കുവേണ്ടി ഒപ്പീസുചൊല്ലി.

15 – സുൽത്താൻപേട്ട് രൂപത കൊഴിഞ്ഞാമ്പാറയിൽ സംഘടിപ്പിച്ച ആർ.ബി.സി. കൺവെൻഷനിൽ സംബന്ധിച്ച് ആശംസാപ്രസംഗം നടത്തി.

16 – സന്ന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

17 – മുണ്ടൂർ യുവക്ഷേത്രയിൽ വച്ച് നടന്ന മീറ്റിംഗിൽ സംബന്ധിച്ചു.

18 – സെറാഫിക് പ്രൊവിൻഷ്യൽ ഹൗസിൽ ജൂനിയർ സിസ്റ്റേഴ്സിന് ക്ലാസ്സെടുത്തു.

19 – വള്ളിയോട് മെഡിക്കൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫിന്റെ സെന്റ് ജോസഫ് അസിസ്റ്റഡ് ലിവിംഗ് സെന്റർ ആശീർവ്വദിച്ചു.

20 – മുണ്ടൂർ യുവക്ഷേത്ര കോളേജിൽ ദശവത്സര ആഘോഷത്തോടനുബന്ധിച്ചുനടന്ന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.
– ധോണി മരിയൻ റിന്യൂവൽ സെന്ററിന്റെ പുതിയനില ആശീർവ്വദിച്ചു.

21 – പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന പാസ്റ്ററൽ കൗൺസിൽ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.
– യുവക്ഷേത്ര ട്രസ്റ്റിന്റെ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.
– പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന രൂപതാ ആലോചനസമിതി അംഗങ്ങളുടെ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.
– രൂപതാകാര്യാലയത്തിൽ വച്ച് സെന്റ് മേരീസ് ഐ.ടി.ഐ. വള്ളിയോട്, സെന്റ് തോമസ് ഐ.ടി.ഐ. കാഞ്ഞിരപ്പുഴ, ക്രിസ്റ്റഫർ ഐ.ടി.ഐ. ധോണി എന്നിയുടെ ഡയറക്ടർമാരുടെയും ഗവേണിംങ്ങ് ബോർഡ് അംഗങ്ങളുടെയും മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

22 – സന്ന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

23 – പൊൽപ്പുള്ളി സെറാഫിക് നോവിഷ്യേറ്റ് ഹൗസിൽ നൊവീസ്സസിന് ക്ലാസ്സെടുത്തു.